2023
DECEMBER
15
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## വീണ്ടും റെക്കോഡ് മറികടന്ന് വിപണി, നേട്ടം 4 ലക്ഷം കോടി



**മുംബൈ:** യു.എസ് കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് ഇത്തവണയും നിരക്കിൽ മാറ്റം വരുത്താതിരുന്നത് ആഗോളതലത്തിൽ സൂചികകൾ നേട്ടമാക്കി. 2024ൽ നിരക്ക് കുറയ്ക്കാനുള്ള സാധ്യതകൂടി ഫെഡ് മേധാവി ജെറോം പവൽ മുന്നോട്ടുവെച്ചത് വിപണിയെ വീണ്ടും റെക്കോഡ് ഉയരത്തിലെത്തിച്ചു.

വ്യാപാരത്തിനിടെ 1000 പോയന്റ് മറികടന്നെങ്കിലും 929 പോയന്റ് നേട്ടത്തിലായിരുന്നു സെൻസെക്സിന്റെ ക്ലോസിങ്. നിഫ്റ്റി 21,175ന് മുകളിലെത്തുകയും ചെയ്തു. ഒരൊറ്റ ദിവസംകൊണ്ട് നിക്ഷേപകരുടെ ആസ്തിയിൽ നാല് ലക്ഷം കോടിയിലേറെ രൂപയുടെ വർധനവുണ്ടായി. ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ വിപണിമൂല്യം 356 ലക്ഷം കോടി കടന്നു.

വ്യാഴാഴ്ചയിലെ കുതിപ്പിൽ മുന്നിൽ നിന്നത് നിഫ്റ്റി ഐടി സൂചികയാണ്. 3.5 ശതമാനം ഉയർന്നു. എച്ച്സിഎൽ ടെക്, ഇൻഫോസിസ്, എംഫസിസ് എന്നീ ഓഹരികളാണ് നേട്ടത്തിൽ മുന്നിൽ. നിഫ്റ്റി ബാങ്ക്, ധനകാര്യ സേവനം, റിയാൽറ്റി സൂചികകളും മികച്ച നേട്ടമുണ്ടാക്കി.

ഓഗസ്റ്റ് പത്തിന് ശേഷമുള്ള കുറഞ്ഞ നിലവാരത്തിലേയ്ക്ക് യുഎസിലെ കടപ്പത്ര ആദായം താഴ്ന്നത് ഏഷ്യൻ സൂചികകൾക്ക് കരുത്തായി. നാല് ശതമാനമെന്ന നിർണായക നിരക്കിന് താഴെ 3.9845%ലാണ് ആദായമിപ്പോൾ.

യുഎസിലെ കടപ്പത്ര ആദായത്തിൽ ഇടിവുണ്ടാകുമ്പോൾ സ്വാഭാവികമായും വിദേശ നിക്ഷേപ വരവിൽ വർധനവുണ്ടാകും. ബുധനാഴ്ച മാത്രം 4,710.8 കോടി രൂപ മൂല്യമുള്ള ഓഹരികളാണ് ഇവർ വാങ്ങിക്കൂട്ടിയത്. മ്യൂച്ചൽ ഫണ്ടുകൾ ഉൾപ്പടെയുള്ള ആഭ്യന്തര നിക്ഷേപ സ്ഥാപനങ്ങളാകട്ടെ 958 കോടി മൂല്യമുള്ള ഓഹരികൾ വിറ്റഴിക്കുകയും ചെയ്തു. ഡിസംബറിൽ ഇതുവരെ 33,959 കോടി രൂപയുടെ ഓഹരികളാണ് വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർ വാങ്ങിക്കൂട്ടിയത്.നിരക്ക് വർധന മൂന്നാം തവണയും ഒഴിവാക്കിയതും 2024ൽ നിരക്കിൽ കുറവ് വരുത്തിയേക്കുമെന്ന സൂചനയും ആഗോള തലത്തിൽ വിപണികൾക്ക് കരുത്തായി. എസ്ആൻഡ്പി 500ഉം നാസ്ദാക്കും 1.4 ശതമാനം ഉയർന്നു. ഡൗ ജോൺസ് റെക്കോഡ് നിലവാരമായ 37,000 പോയന്റിലെത്തി. ഏഷ്യൻ സൂചികകളിലും നേട്ടത്തിലാണ് വ്യാപാരം നടക്കുന്നത്.

## ആരാധനാലങ്ങളിൽ ഉച്ചഭാഷിണികൾക്ക് വിലക്ക്; ആദ്യ ഉത്തരവുമായി മോഹൻ യാദവ്



**ഭോപ്പാൽ:** മധ്യപ്രദേശിൽ ആരാധനാലയങ്ങളിലും പൊതുസ്ഥലങ്ങളിലും അനിയന്ത്രിതമായി ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതിന് വിലക്കേർപ്പെടുത്തി മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ്. മുഖ്യമന്ത്രിയായി ചുമതലയേറ്റതിന് ശേഷം പുറത്തിറക്കുന്ന ആദ്യ ഉത്തരവാണിത്. ഇതിനുപുറമെ പരസ്യമായി പൊതുസ്ഥലങ്ങളിൽ മാംസക്കച്ചവടം നടത്തുന്നതിനും നിരോധനം ഏർപ്പെടുത്തി.

അനുവദനീയമായതിനും അളവിലുള്ള ഉച്ചഭാഷിണി ഉപയോഗത്തിനും ആരാധനാലയങ്ങളിലെ ഡിജെകൾക്കും നിരോധനം ബാധകമാണ്.

ഉച്ചഭാഷിണികളുടെ ശബ്ദതീവ്രതപരിശോധിക്കുന്നതിനായി പ്രത്യേകസംഘത്തെയും സംസ്ഥാനത്ത് നിയോഗിക്കും. നിരോധനം നടപ്പാക്കുന്നതിനായി മാർഗരേഖ തയ്യാറാക്കാനും ഉദ്യോഗസ്ഥരോട് മുഖ്യമന്ത്രി നിർദേശിച്ചു. പരസ്യമായി മാംസക്കച്ചവടം നടത്തുന്ന പ്രദേശങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാനും മോഹൻ യാദവ് ആവശ്യപ്പെട്ടിട്ടുണ്ട്.

ഉച്ചഭാഷണികൾ ഉപയോഗിക്കുന്നതിനായി സുപ്രീംകോടതിയും ദേശീയഹരിത ട്രിബ്യൂണലും നിർദേശിച്ച പ്രത്യേക മാനദണ്ഡങ്ങൾ സംസ്ഥാനത്ത് കർശനമായി നടപ്പാക്കുമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) ഡോ.രാജേഷ് രജോര വാർത്താ ഏജൻസിസായ പിടിഐയോട് പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ എന്നിവരുടെ സാന്നിധ്യത്തിലാണ് മോഹൻ യാദവ് മുഖ്യമന്ത്രിയായി അധികാരമേറ്റത്. മുൻവിദ്യാഭ്യാസ മന്ത്രിയും മധ്യപ്രദേശിലെ ഉജ്ജയിൻ സൗത്തിൽ നിന്ന് മൂന്നുതവണ എംഎൽഎയുമായ ആളാണ് മോഹൻ യാദവ്. 230 അംഗ മധ്യപ്രദേശ് നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ബിജെപി 163 സീറ്റുകൾ നേടിയാണ് അധികാരം നിലനിർത്തിയത്.

## പാർലമെന്റ് ആക്രമണം; പ്രതികൾക്കെതിരെ യുഎപിഎ ചുമത്തി

**ന്യൂഡൽഹി:** പാർലമെന്റിന്റെ സുരക്ഷാ സംവിധാനങ്ങൾ മറികടന്നു പ്രതിഷേധിച്ച സംഭവത്തിൽ പ്രതികൾക്കെതിരെ ഭീകര വിരുദ്ധ നിയമമായ യുഎപിഎ പ്രകാരമുള്ള കുറ്റങ്ങൾ ചുമത്തി. നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 120ബി (ക്രിമിനൽ ഗൂഡാലോചന), 452 (അതിക്രമിച്ചു കയറൽ) കലാപമുണ്ടാക്കാൻ ശ്രമം തുടങ്ങിയ വകുപ്പുകൾ പ്രകാരവുമാണ് ഡൽഹി പൊലീസിന്റെ പ്രത്യേക സെൽ കേസ് റജിസ്റ്റർ ചെയ്തത്.

ഇവർ പ്രതികളുടെ വിദ്യാഭ്യാസ സാഹചര്യവും സമൂഹമാധ്യമ അക്കൗണ്ടുകൾ ഉൾപ്പെടെയുള്ള കാര്യങ്ങളും പരിശോധിക്കും. മൈസൂരു സ്വദേശി ഡി.മനോരഞ്ജൻ, ലക്നൗ സ്വദേശി സാഗർ ശർമ എന്നിവരാണ് സന്ദർശക ഗാലറിയിൽനിന്ന് സഭയിലേക്ക് ചാടിയത്. പാർലമെന്റ് ഗേറ്റിനു പുറത്ത് സ്മോക്ക് കാനിസ്റ്ററുകൾ തുറന്ന് മുദ്രാവാക്യം വിളിച്ച ഹരിയാന ജിന്ദ് സ്വദേശിനി നീലം ദേവി, മഹാരാഷ്ട്ര ലാത്തൂർ സ്വദേശി അമോൽ ഷിൻഡെ എന്നിവരെയും പൊലീസ് പിടികൂടി.സംഭവത്തിൽ ആറു പേർ ഉൾപ്പെട്ടിട്ടുള്ളതായി പൊലീസ് അറിയിച്ചു.

## പെൽവിക് കാൻസർ: ഫലപ്രദ ചികിത്സയ്ക്ക് പുതിയ ഗുളിക



**മുംബൈ:** ആണവോർജ വകുപ്പിലെ (ഡിഎഇ) ശാസ്ത്രജ്ഞരും ബെംഗളൂരുവിലെ ഐഡിആർഎസ് ലാബ്സും ചേർന്ന് പെൽവിക് കാൻസറിന്റെ ചികിത്സയ്ക്കായി വികസിപ്പിച്ച അക്റ്റോസൈറ്റ് എന്ന ഗുളിക അടുത്ത മാസം വിപണിയിൽ എത്തും.

റേഡിയോ തെറപ്പി ഉൾപ്പെടെയുള്ള ചികിത്സാ ഉപാധികൾക്കൊപ്പം നൽകാവുന്ന ഗുളിക, പരീക്ഷണ ഘട്ടത്തിൽ മികച്ച ഫലം തന്നതായി വാർത്തക്കുറിപ്പിൽ പറയുന്നു.

ചില രോഗികളിൽ മൂത്രാശയം നീക്കം ചെയ്യേണ്ട അവസ്ഥ ഇല്ലാതാക്കാൻ ഗുളിക സഹായിച്ചു. റേഡിയോ തെറപ്പിയുടെ പാർശ്വഫലങ്ങൾ കുറയ്ക്കാനും ഗുളികയിലൂടെ സാധിച്ചെന്നാണു കണ്ടെത്തൽ. റേഡിയോ തെറപ്പിയെ തുടർന്ന് മൂത്രത്തിൽ രക്തസാന്നിധ്യം കാണുന്നതിനും ഫലപ്രദമാണ്. ഈയിടെയാണ് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (എഫ്എസ്എസ്എഐ) അംഗീകാരം ലഭിച്ചത്.

മുംബൈയിലെ ടാറ്റ മെമ്മോറിയൽ ആശുപത്രിയും നവി മുംബൈയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ ട്രെയിനിങ് റിസർച്ച് ആൻഡ് എജ്യുക്കേഷൻ ഫോർ കാൻസറും പദ്ധതിയുമായി സഹകരിച്ചിരുന്നു.





**നാരായണീയ സമിതികൾക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണം അഖില ഭാരതനാരായണീയ മഹോത്സവ സമിതി വൈസ് ചെയർമാൻ എൻ.ആർ സുധാകരൻ നിർവ്വഹിക്കുന്നു**

# ശ്രീമദ് നാരായണീയ ദിനം ആചരിച്ചു

**കൊച്ചി:** അഖില ഭാരത നാരായണീയ മഹോൽസവ സമിതിയുടെ നേതൃത്വത്തിൽ ശ്രീമദ് നാരായണീയ ദിനാചരണം നടത്തി. ഭക്തകാവ്യമായ ശ്രീമദ് നാരായണീയം 436 വർഷങ്ങൾക്കു മുൻപ് മേൽപ്പുത്തുർ ഭട്ടതിരി ഭഗവാന് സമർപ്പിച്ച ദിനത്തിന്റെ സ്മരണാർത്ഥമാണ് നാരായണീയ ദിനാചരണം സംഘടിപ്പിച്ചത്.അഖില ഭാരതനാരണീയ മഹോൽസവ സമിതി വൈസ് ചെയർമാൻ എൻ.ആർ സുധാകരൻ ദിനാചരണം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പങ്കെടുത്ത വിവിധ നാരായണീയ സമിതികൾക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണവും അദ്ദേഹം നിർവഹിച്ചു. നാരായണീയ സമിതി ഭാരവാഹികളായ ഐ.ബി ശശി , എം ബി. വിജയകുമാർ , ആർ. ബാബു, സരള എസ്. പണിക്കർ, പ്രദീപ് വെണ്ണല ,ജയകൃഷ്ണൻ,നന്ദകുമാർ,പവിത്രൻ,രാംരാജ് ലാലൻ ചിറ്റൂർ ,വിജയൻ പിള്ള, മംഗൾ ജി. സുധാകരൻ തൃപ്പൂണിത്തുറ, രാജേഷ് ബാബു,നമ്പ്യാർജി തുടങ്ങിയവർ പങ്കെടുത്തു.

# ശിവഗിരിതീർത്ഥാടനത്തിന് ഇന്ന് തുടക്കം

**ശിവഗിരി:** ഇക്കൊല്ലത്തെ ശിവഗിരിതീർത്ഥാടനകാലത്തിന് ഇന്ന് തുടക്കം കുറിക്കും. (ഡിസംബർ 15നു ആരംഭിച്ച് ജനുവരി 5 വരെ തുടരും) മുൻവർഷങ്ങളിൽ ഡിസംബർ അവസാന ദിനങ്ങളായിരുന്നു തീർത്ഥാടന ദിനങ്ങളായി കണക്കാക്കിയിരുന്നത് ഭക്തജനങ്ങളുടെ സൗകര്യാർത്ഥം ദിവസങ്ങൾ വർധിപ്പിച്ചിരിക്കുകയാണ്. തീർത്ഥാടന ദിനങ്ങളിലെ തിക്കുംതിരക്കും ഒഴുവാക്കി തീർത്ഥാടകർക്ക് സൗകര്യമായി ഗുരുവിനെ വന്ദിക്കാനും ഗുരുപൂജ നടത്തുവാനുമായിട്ടാണ് തീർത്ഥാടന പരിപാടികൾ നേരത്തേതന്നെ ആരംഭിക്കുന്നത്. അതുപോലെ അറിവിൻറെ തീർത്ഥാടനമായാണല്ലോ ശിവഗിരി തീർത്ഥാടനം അറിയപ്പെടുന്നത്.

ജനങ്ങൾക്ക് അറിവുനൽകുന്നതിൻറെ ഭാഗമായി ഇന്നു മുതൽ 29വരെ പ്രഭാഷണങ്ങളും വിശേഷാൽ സമ്മേളനങ്ങളും ഒരുക്കിയിരിക്കുകയാണ്. 16 മുതൽ 20 വരെ എല്ലാദിവസവും രാവിലെ 10 മണി മുതൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ശിവഗിരി മഠത്തിലെ സന്യാസിവര്യൻമാരുടെ നേതൃത്വത്തിൽ ഗുരുധർമ പ്രബോധനം നടത്തുന്നു. 21 ന് രാവിലെ മുതൽ പാരമ്പര്യ വൈദ്യ സമ്മേളനമാണ്. വൈദ്യ പരിശോധനയും സൗജന്യചികിത്സയും ഉണ്ടാകും.

22 മുതൽ 25 വരെ ഗുരുദേവൻറെ ജീവിതത്തെയും ദർശനങ്ങളെയും അടിസ്ഥാനമാക്കി രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ സച്ചിദാനന്ദ സ്വാമി നയിക്കുന്ന ദിവ്യപ്രബോധനവും ധ്യാനവും ഉണ്ടായിരിക്കും. സ്വാമി ശുഭാംഗാനന്ദ, ശാരദാനന്ദ സ്വാമി, സ്വാമി വിശാലനന്ദ, സ്വാമി അസംഗാനന്ദഗിരി, സ്വാമി വീരേശ്വരാനന്ദ എന്നിവർ ധ്യാന സന്ദേശം നൽകും.

സ്വാമി ദേശികാനന്ദ, സ്വാമി വിരജാനന്ദ, സ്വാമി സുരേശ്വരാനന്ദ, സ്വാമി ശ്രീനാരായണ ദാസ്, സ്വാമി ഗോവിന്ദാനന്ദ, സ്വാമി ഹംസതീർഥ എന്നിവർ ഗുരുദേവൻ രചിച്ച ഹോമമന്ത്രം ഉപയോഗിച്ചുള്ള ശാന്തിഹോമത്തിൽ പങ്കാളികളാകും.

26 നു നടക്കുന്ന സർവ്വമതസമ്മേളനം മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്യും. 27ന് ശിവഗിരി മഠത്തിൻറെ പോഷകസംഘടനയായ ഗുരു ധർമ പ്രചരണ സഭയുടെ സമ്മേളനം ഉണ്ടായിരിക്കും.

28ന് നടക്കുന്ന കുമാരനാശാൻ ദേഹവിയോഗ ശതാബ്ദിസമ്മേളനം കവി വിശ്വമംഗലം സുന്ദരേശൻ ഉദ്ഘാടനം ചെയ്യും. ഡോ. എം.ആർ തമ്പാൻ, പ്രൊഫ. സഹൃദയൻ തമ്പി, മലയാലപ്പുഴ സുധൻ എന്നിവർ സംസാരിക്കും.

# വരാപ്പുഴ ടൂറിസം ഫെസ്റ്റ്: ഒരുക്കങ്ങൾ പൂർത്തിയായി

**കൊച്ചി:** വരാപ്പുഴ ഗ്രാമപഞ്ചായത്തും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ചേർന്ന് സംഘടിപ്പിക്കുന്ന വരാപ്പുഴ ടൂറിസം ഫെസ്റ്റിന് ഡിസംബർ 22ന് തുടക്കമാകും. വൈകിട്ട് നാലിന് വരാപ്പുഴ പഞ്ചായത്ത് ജംഗ്ഷനിൽ നിന്ന് വാദ്യ മേളങ്ങളുടെ അകമ്പടിയോടെ ആരംഭിക്കുന്ന ഘോഷയാത്രയിൽ വൈവിധ്യമാർന്ന കലാരൂപങ്ങൾ അണിനിരക്കും. തുടർന്ന് ഗ്രൗണ്ടിലെ പ്രധാന വേദിയിൽ ക്ലാസിക്കൽ ഫ്യൂഷനും കൊച്ചിൻ മ്യൂസിക് ട്രാക്കിന്റെ ഗാനമേളയും ഉണ്ടാകും.

പത്തു ദിവസം നീണ്ടുനിൽക്കുന്ന ടൂറിസം ഫെസ്റ്റിന്റെ ഉദ്ഘാടന സമ്മേളനം ഡിസംബർ 23ന് വൈകിട്ട് ഏഴിനാണ്. ഫെസ്റ്റിനോടനുബന്ധിച്ച് 23ന് വൈകിട്ട് എട്ടിന് ചാലക്കുടി ഉണർത്തിന്റെ നാടൻപാട്ടും ദൃശ്യാവിഷ്കാരവും, 24ന് വൈകിട്ട് ഏഴിന് കാക്ക മ്യൂസിക് ബാന്റിന്റെ ഇൻസ്ട്രുമെന്റൽ ഫ്യൂഷൻ നൈറ്റ്, 25ന് താമരശ്ശേരി ചുരം ബാന്റിന്റെ മെഗാ മ്യൂസിക്കൽ നൈറ്റ്, 26 വൈകിട്ട് ഏഴിന് സിനിമ ടെലിവിഷൻ താരം ബിനു അടിമാലിയും സംഘവും അവതരിപ്പിക്കുന്ന മെഗാ കോമഡി ഷോ, 27ന് പാലാപ്പിള്ളി ഫെയിം അതുൽ നറുകരയും സംഘവും അവതരിപ്പിക്കുന്ന മെഗാ മ്യൂസിക്കൽ നൈറ്റ്, 28ന് പയ്യപ്പിള്ളി തമ്പി ആശാനും സംഘവും അവതരിപ്പിക്കുന്ന ചവിട്ടുനാടകം, 29ന് കൊല്ലം അനശ്വര തീയേറ്റർ അവതരിപ്പിക്കുന്ന പ്രൊഫഷണൽ നാടകം, 30ന് പ്രസീത ചാലക്കുടിയും സംഘവും അവതരിപ്പിക്കുന്ന നാടൻപാട്ടും ദൃശ്യാവിഷ്കാരവും, 31ന് ഡിജെ നൈറ്റ് എന്നിവയും ഉണ്ടാകും.

പ്രാചീന സവാരികൾ, നാടൻ ഭക്ഷ്യമേള, അമ്യൂസ്മെന്റ് പാർക്ക്, ഗോസ്റ്റ് ഹൗസ്, ഫിഷ് മസാജിങ്, വാണിജ്യ മേള, നാട്ടങ്ങാടി, കരകൗശല വസ്തുക്കളുടെ പ്രദർശനം എന്നിവയും ഫെസ്റ്റിന് മികവേകും. പ്രദർശന നഗരിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്. ഫെസ്റ്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി സംഘാടകസമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

വരാപ്പുഴ പഞ്ചായത്ത് ഹാളിൽ നടന്ന പത്രസമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചു റാണി ജോസഫ്, വൈസ് പ്രസിഡന്റ് ജോൺസൺ പുനത്തിൽ, ജനറൽ കൺവീനർ ടി.പി പോളി, ചീഫ് കോർഡിനേറ്റർമാരായ കെ.വി രാജശേഖരൻ, കെ.കെ ശശിനാഥ് എന്നിവർ സംസാരിച്ചു. പഞ്ചായത്ത് സെക്രട്ടറി വിനോദ് കുമാർ, പഞ്ചായത്ത് അംഗങ്ങളായ വിജു ചുള്ളിക്കാട്, സുസ്മിതാ സുനിൽ, അനിൽകുമാർ, സംഘാടകസമിതി ഭാരവാഹികളായ രത്നാകര പൈ, രഞ്ജിത്ത് പൈ എന്നിവർ പങ്കെടുത്തു.

# ശ്യാം സ്റ്റീലിന് ഗ്രീൻപ്രോ സർട്ടിഫിക്കേഷൻ

**മുംബൈ:** ടിഎംടി ബാർ വ്യവസായത്തിലെ മുൻനിര കമ്പനിയായ ശ്യാം സ്റ്റീൽ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് ഗ്രീൻ പ്രൊഡക്ട്സ് ആൻഡ് സർവീസസ് കൗൺസിൽ നൽകുന്ന ഗ്രീൻപ്രോ സർട്ടിഫിക്കേഷൻ നേടി. സുസ്ഥിരതയ്ക്കും ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ വിതരണത്തിനുമുള്ള ശ്യാം സ്റ്റീലിന്റെ പ്രതിബദ്ധതയ്ക്ക് ഈ സുപ്രധാന അംഗീകാരം അടിവരയിടുന്നു.

അഭിമാനാർഹമായ ഗ്രീൻപ്രോ സർട്ടിഫിക്കേഷൻ നേടിയത് ശ്യാം സ്റ്റീലിന്റെ ഒരു സുപ്രധാന നേട്ടത്തെ അടയാളപ്പെടുത്തുന്നു. ഇത് പരിസ്ഥിതിക്ക് ഉത്തരവാദിത്തമുള്ള സ്റ്റീൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ അടിവരയിടുന്നതോടൊപ്പം ഞങ്ങളുടെ സമർപ്പണത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഹരിത സമ്പ്രദായങ്ങൾ സ്വീകരിക്കാൻ ഉരുക്ക് വ്യവസായം വർദ്ധിച്ചുവരുന്ന സമ്മർദ്ദത്തെ അഭിമുഖീകരിക്കുന്നു, അടുത്തിടെ ശ്യാം സ്റ്റീലിന് ഇകകക ഗ്രീൻ പ്രൊഡക്ട്സ് ആന്റ് സർവീസസ് കൗൺസിൽ നൽകിയ ഗ്രീൻ പ്രോ സർട്ടിഫിക്കേഷൻ പോലുള്ള സർട്ടിഫിക്കേഷനുകളിൽ ഇത് വ്യക്തമാണ്.

ഈ സർട്ടിഫിക്കേഷൻ പരിസ്ഥിതി സുസ്ഥിരമായ നിർമ്മാണ രീതികളോടുള്ള കമ്പനിയുടെ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നു. എല 550ഉ, എല 500ഉ എന്നിവ സുസ്ഥിരമായ ഭാവിയിലേക്കുള്ള സുപ്രധാന ചുവടുകളെ പ്രതിനിധീകരിക്കുന്നു. ഇകകഗ്രീൻ പ്രൊഡക്ട്സ് ആന്റ് സർവീസസ് കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ഉയർന്ന പാരിസ്ഥിതിക മാനദണ്ഡങ്ങളുമായി യോജിച്ച്, ഈ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ഏറ്റവും ഉയർന്ന ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് ഹരിതവും സുസ്ഥിരവുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിന് ഗണ്യമായ സംഭാവന




നൽകുന്നു.

ഗ്രീൻ സ്റ്റീലിനെ പിന്തുണയ്ക്കുന്നതിനുള്ള നയ നടപടികളെ പിന്തുണക്കുന്ന ശ്യാം സ്റ്റീൽ, കാർബൺ ക്രെഡിറ്റുകൾ സൃഷ്ടിക്കുന്ന സാങ്കേതികവിദ്യകൾക്കുള്ള പ്രോത്സാഹനങ്ങളുടെ പ്രാധാന്യം ഊന്നിപ്പറയുന്നു. ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും സുസ്ഥിരത വർദ്ധിപ്പിക്കുന്നതിനുമായി സോളാർ, ഹൈഡ്രജൻ അധിഷ്ഠിത രീതികൾ പോലുള്ള നവീന സ്റ്റീൽ നിർമ്മാണ സാങ്കേതികവിദ്യകളിലെ നിക്ഷേപം കമ്പനി നിരീക്ഷിക്കുന്നു.

ഇന്ത്യയിൽ ഗ്രീൻ സ്റ്റീലിനായി ഉടനടിയുള്ള ഉപഭോക്തൃ ആവശ്യം പരിമിതമായി തുടരുമ്പോൾ, ബിസിനസ്സിൽ ഏഴ് പതിറ്റാണ്ടിലേറെ അനുഭവസമ്പത്തുള്ള കമ്പനിയായ ശ്യാം സ്റ്റീൽ, ഭാവിയിൽ സ്ഥാപനപരമായ ആവശ്യത്തിലേക്ക് മാറുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്രീൻ സ്റ്റീലിനായുള്ള സർക്കാർ സംഭരണത്തെക്കുറിച്ചുള്ള സ്റ്റീൽ മന്ത്രാലയത്തിന്റെ പര്യവേക്ഷണം സാധ്യമായ മാറ്റത്തെ സൂചിപ്പിക്കുന്നു. യൂറോപ്പിലെ കാർബൺ ബോർഡർ അഡ്ജസ്റ്റ്മെന്റ് മെക്കാനിസം (സിബിഎഎം) പോലുള്ള ആഗോള ചർച്ചകളിൽ ഇന്ത്യയുടെ നിലപാടിനെ കുറിച്ച്, ഹരിത ഊർജ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വികസിത രാജ്യങ്ങളിൽ നിന്ന് ധനസഹായം തേടുമ്പോൾ ഹരിത ആസ്തികളിലെ നിക്ഷേപങ്ങളെ ശ്യാം സ്റ്റീൽ പിന്തുണയ്ക്കുന്നു.ശ്യാം സ്റ്റീൽ അതിന്റെ ധാർമ്മികതയുടെ അവിഭാജ്യ ഘടകമായി സുസ്ഥിരതയ്ക്ക് പ്രതിജ്ഞാബദ്ധമാണ്. ഈ നേട്ടം സ്റ്റീൽ നിർമ്മാണ മേഖലയിലെ നൂതനത്വത്തിനും പരിസ്ഥിതി സൗഹൃദ സമ്പ്രദായങ്ങൾക്കും കമ്പനിയുടെ നിരന്തരമായ സമർപ്പണത്തെ ശക്തിപ്പെടുത്തുന്നു. ഉയർന്ന വ്യവസായ നിലവാരം പുലർത്തുക മാത്രമല്ല, പാരിസ്ഥിതിക കാൽപ്പാടുകൾ ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്ന ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിലാണ് തുടർച്ചയായ ശ്രമങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

# സംസ്ഥാന സർക്കാരിന്റെ മാധ്യമ അവാർഡ് 2022ന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ 2022ലെ മാധ്യമ അവാർഡിന് എൻട്രികൾ ക്ഷണിച്ചു. 2022 ജനുവരി ഒന്നിനും ഡിസംബർ 31നുമിടയിൽ പ്രസിദ്ധീകരിച്ച വികസനോൻമുഖ റിപ്പോർട്ട്, ജനറൽ റിപ്പോർട്ട്, വാർത്താചിത്രം, കാർട്ടൂൺ എന്നിവയ്ക്കും ഈ കാലയളവിൽ സംപ്രേഷണം ചെയ്ത ടിവി വാർത്താ റിപ്പോർട്ട്, ക്യാമറ, വീഡിയോ എഡിറ്റിങ്, ടിവി ന്യൂസ് പ്രസന്റർ, മികച്ച അഭിമുഖം, സാമൂഹ്യ ശാക്തീകരണ റിപ്പോർട്ട് എന്നിവയ്ക്കുമാണ് അവാർഡുകൾ നൽകുന്നത്.

സമൂഹത്തിലെ ഗുണകരമായ കാര്യങ്ങളെ സ്പർശിക്കുന്നതും വികസനം, സംസ്കാരം, സാമൂഹ്യ ജീവിതം തുടങ്ങിയ രംഗങ്ങളിൽ അനുകരണീയ മാതൃകകൾ പ്രകാശിപ്പിക്കുന്നതുമായ ടിവി റിപ്പോർട്ടുകൾക്കാണ് സാമൂഹ്യ ശാക്തീകരണ റിപ്പോർട്ടിങ് അവാർഡ് നൽകുന്നത്.വികസനോൻമുഖ റിപ്പോർട്ടിങ്, ജനറൽ റിപ്പോർട്ടിങ്, കാർട്ടൂൺ അവാർഡുകൾക്കായി അവ പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനൽ കട്ടിങ്ങിനു പുറമേ മൂന്നു പകർപ്പുകൾ കൂടി അയയ്ക്കണം. വാർത്താ ചിത്രത്തിന്റെ നാല് വലിയ പ്രിന്റുകളും ചിത്രം അച്ചടിച്ച പത്രത്തിന്റെ ഒരു കോപ്പിയും അയയ്ക്കേണ്ടതാണ്.ടിവി വാർത്താ റിപ്പോർട്ടിൽ മലയാളം ടിവി ചാനലുകളിലെ വാർത്താ ബുള്ളറ്റിനിൽ സംപ്രേഷണം ചെയ്ത ഏഴുമിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്. ഒരു വാർത്ത പലഭാഗങ്ങളായി നൽകാതെ സമഗ്രസ്വഭാവത്തോടെ ഒരു വാർത്താ റിപ്പോർട്ടായാണ് സമർപ്പിക്കേണ്ടത്. ടിവി അവാർഡുകളിലെ എൻട്രികൾ ഡിവിഡിയിലോ (മൂന്നു കോപ്പി), പെൻഡ്രൈവിലോ നൽകാം. എൻട്രിയോടൊപ്പം ടൈറ്റിൽ, ഉള്ളടക്കം, ദൈർഘ്യം, വിവരണപാഠം എന്നിവ എഴുതി നൽകണം.പ്രസിദ്ധപ്പെടുത്തിയ പത്രം/ടിവി ചാനൽ എന്നിവയുടെ പേര്, തിയതി, മാധ്യമപ്രവർത്തകന്റെ കളർ ഫോട്ടോ, മേൽവിലാസം, ഫോൺനമ്പർ എന്നിവ അടങ്ങിയ ബയോഡാറ്റ എൻട്രിയോടൊപ്പം മറ്റൊരു പേജിൽ ചേർത്തിരിക്കണം. ഒരു വിഭാഗത്തിലേക്ക് ഒരു എൻട്രി മാത്രമായിരിക്കും പരിഗണിക്കുന്നത്. ഒരു വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എൻട്രി മറ്റൊരു വിഭാഗത്തിലേക്ക് പരിഗണിക്കില്ല.

കവറിന് പുറത്ത് മത്സരവിഭാഗം ഏതെന്ന് രേഖപ്പെടുത്തിയിരിക്കണം. എൻട്രി അപേക്ഷകൻ തയാറാക്കിയതാണെന്നതിന് ന്യൂസ് എഡിറ്ററുടേയോ മറ്റു അധികാരിയുടേയോ സാക്ഷ്യപത്രവും വയ്ക്കണം.എൻട്രികൾ 2023 ഡിസംബർ 20ന് വൈകിട്ട് അഞ്ചു മണിക്കകം ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ ലഭിക്കണം. അവാർഡ് സംബന്ധിച്ച മാർഗരേഖ www.prd.kerala.gov.in ൽ പരിശോധിക്കാവുന്നതാണ്.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മിഷൻ വാത്സല്യ പദ്ധതിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന ഉത്തരവാദിത്ത രക്ഷാകർതൃത്വം എന്ന വിഷയത്തെ ആസ്പദമാക്കി അതിഥി തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി ആനിമേറ്റഡ് വീഡിയോ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ആനിമേറ്റഡ് വീഡിയോ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ക്രിപ്റ്റും, നിർമ്മാണ ചെലവും ഏറ്റവും കുറഞ്ഞ നിരക്കിൽ നിർമ്മിച്ച് നൽകാൻ താല്പര്യമുള്ള വ്യക്തികൾ/ സ്ഥാപങ്ങൾ എന്നിവയിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷ9 ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന സ്ഥലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കാര്യാലയം ഗ്രൗണ്ട് ഫ്ളോർ, എ 3 ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കാക്കനാട്, ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി :ഡിസംബർ 27 ഉച്ചയ്ക്ക് 3 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842959177.

# പി.എസ്.സി പരീക്ഷകൾക്കുള്ള സൗജന്യ പരീക്ഷാപരിശീലനം

**കൊച്ചി:** ആലുവ സബ് ജയിൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഗവ. പ്രീ. എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളിലേയ്ക്കുള്ള ലോവർ ഡിവിഷൻ ക്ലർക്ക്, എൽ.ജി.എസ് എന്നീ പരീക്ഷകൾക്കുള്ള സൗജന്യ പരിശീലനം 01.01.2024ന് ആരംഭിക്കുന്നു.

ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ ബി സി/ഒ ഇ സി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ശതമാനം സീറ്റ് അനുവദനീയമാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും. അപേക്ഷകർ യോഗ്യത സർട്ടിഫിക്കറ്റുകൾ, ഫോട്ടോ, ജാതി, വരുമാനം, എന്നിവയുടെ സർട്ടിഫിക്കറ്റ് സഹിതം 23.12.2023 ന് മുമ്പ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്.



# ശോഭനയുടെ 40 വർഷങ്ങൾ

## ആഘോഷിക്കാൻ മഹോത്സവം ഒരുക്കി സീ കേരളം

**കൊച്ചിയിലെ ദർബാർ ഹാൾ ഗ്രൗണ്ടിൽ ഡിസംബർ 16, ശനിയാഴ്ച വൈകിട്ട് താരങ്ങൾ അണിനിരക്കുന്ന കലാവിരുന്ന്**

**കൊച്ചി:** മലയാളികളുടെ പ്രിയപ്പെട്ട നടിയും നർത്തകിയുമായ പത്മശ്രീ ശോഭന ഇന്ത്യൻ ചലച്ചിത്ര മേഖലയിൽ 40 വർഷം പൂർത്തിയാക്കുന്ന വേള ആഘോഷമാക്കാൻ പ്രേക്ഷകരുടെ ഇഷ്ട ചാനലായ സീ കേരളം. ഡിസംബർ 16 ശനിയാഴ്ച കൊച്ചിയിലെ ദർബാർ ഹാൾ ഗ്രൗണ്ടിൽ സീ കേരളം സംഘടിപ്പിക്കുന്ന മികവുറ്റ കലാവിരുന്നിൽ ശോഭനയുടെ 40 വർഷത്തെ ചലച്ചിത്ര ജീവിതം കൊണ്ടാടാൻ നിരവധി താരങ്ങളും എത്തും.

വൈകിട്ട് 5.30 മണിക്ക് ആരംഭിക്കുന്ന കലാവിരുന്നിന് സീ കേരളം നൽകിയിരിക്കുന്ന പേര് മഹോത്സവം എന്നാണ്. പേര് പോലെ തന്നെ ഒരു ബൃഹത് മഹോത്സവമാണ് കൊച്ചിയിലെ പ്രേക്ഷകരെ കാത്തിരിക്കുന്നത്. സീ കേരളം ചാനലിലെ ജനപ്രിയ പരിപാടിയായ സരിഗമപ യിലെ മത്സരാർത്ഥികൾ ശോഭനയ്ക്കുള്ള ആദരമായി ഒരുക്കുന്ന കലാവിരുന്ന്, ശോഭന അവതരിപ്പിച്ച തേന്മാവിൻ കൊമ്പത്ത് എന്ന ചലച്ചിത്രത്തിലെ കാർത്തുമ്പി, മണിച്ചിത്രത്താഴിലെ നാഗവല്ലി എന്നീ കഥാപാത്രങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഡ്രാമാ ജൂനിയേഴ്സ് അവതരിപ്പിക്കുന്ന സ്കിറ്റ് തുടങ്ങിയ പരിപാടികൾ മുഖ്യ ആകർഷണങ്ങളാകും.

ഇവ കൂടാതെ ഉടനെ പുറത്തിറങ്ങുന്ന ക്വീൻ എലിസബത്ത് എന്ന പുതിയ ചലച്ചിത്രത്തിലെ താരങ്ങളായ മീര ജാസ്മിൻ, നരേൻ തുടങ്ങിയവർ പങ്കെടുക്കുന്ന പരിപാടിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചടങ്ങിൽ ക്വീൻ എലിസബത്ത് എന്ന സിനിമയുടെ ട്രെയ്‌ലർ പ്രകാശനവും നടക്കും. 40 വർഷമായി ചലച്ചിത്ര, നൃത്ത മേഖലകളിൽ സജീവമായ ശോഭനയ്ക്കൊരു ഉദാത്തമായ സമ്മാനമായാണ് സീ കേരളം മഹോത്സവം അരങ്ങേറുന്നത്.

സീ കേരളം ചാനലിൽ ഡിസംബർ 18 മുതൽ സംപ്രേക്ഷണം ആരംഭിക്കുന്ന രണ്ടു പുതിയ സീരിയലുകൾ അവതരിപ്പിക്കുന്നത് ശോഭനയാണ്. മലയാള സിനിമാ ടെലിവിഷൻ പ്രേക്ഷകരുടെ ഹൃദയത്തിൽ ഇടംപിടിച്ച നിത്യഹരിത നായികയായ ശോഭന അവതരിപ്പിക്കുന്ന സീരിയലുകൾ ഏറെ പ്രത്യേകതകൾ കൊണ്ട് ആകർഷണീയമാണ്.

മായാമയൂരം, സുഭദ്രം എന്നീ സീരിയലുകളാണ് ശോഭനയുടെ അവതരണത്തിൽ പ്രേക്ഷകർക്കു മുന്നിലെത്തുന്നത്. അരുൺ രാഘവൻ, ഗോപിക പത്മ എന്നിവർ മുഖ്യ വേഷങ്ങളിലെത്തുന്ന മായാമയൂരം സീ കേരളം ചാനലിൽ ഡിസംബർ 18 മുതൽ തിങ്കൾ മുതൽ വെള്ളി വരെ രാത്രി 9 മണിക്ക് കാണാം. സ്നിഷ ചന്ദ്രൻ, ജയ് ധനുഷ്, വിഷ്ണു എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്ന സുഭദ്രം സീ കേരളം ചാനലിൽ ഡിസംബർ 18 മുതൽ തിങ്കൾ മുതൽ ഞായർ വരെ എല്ലാ ദിവസവും രാത്രി 7 മണിക്ക് കാണാം.

ഏറെ പ്രിയങ്കരിയായ പത്മശ്രീ ശോഭന സീ കേരളം കുടുംബവുമായി ഒത്തു ചേരുന്നതിന്റെ ആഘോഷം കൂടിയാണ് ശനിയാഴ്ച അരങ്ങേറുന്ന മഹോത്സവം. സീ കേരളം മഹോത്സവം പരിപാടിയിലേക്കുള്ള പ്രവേശനം തികച്ചും സൗജന്യമാണ്.

# കുഞ്ഞാലിപ്പാറ ടൂറിസം: എംഎൽഎയും കളക്ടറും സ്ഥലം സന്ദർശിച്ചു

മൂന്നുമുറി: സംസ്ഥാന ടൂറിസം വകുപ്പിൻറെ ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി മറ്റത്തൂർ പഞ്ചായത്തിലെ കുഞ്ഞാലിപ്പാറയിൽ നടപ്പാക്കുന്ന ടൂറിസം പ്രോജക്ടുമായി ബന്ധപ്പെട്ട് കെ.കെ. രാമചന്ദ്രൻ എംഎൽഎയും കളക്ടർ വി.ആർ. കൃഷ്ണതേജയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘവും കുഞ്ഞാലിപ്പാറ പ്രദേശത്ത് സന്ദർശനം നടത്തി. കുഞ്ഞാലിപ്പാറയുടെ പ്രകൃതി സൗന്ദര്യം സംരക്ഷിച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള പദ്ധതിയാണ് ഇവിടെ നടപ്പാക്കാനൊരുങ്ങുന്നത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിലും ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്തിയാണു കുഞ്ഞാലിപ്പാറ ടൂറിസം പദ്ധതി നടപ്പാക്കാൻ ഒരുങ്ങുന്നത്.

ടൂറിസം വകുപ്പും മറ്റത്തൂർ പഞ്ചായത്തും ചേർന്നാണു പദ്ധതി നടപ്പാക്കുന്നത്. കാൽനട പാലം, ടിക്കറ്റ് കൗണ്ടർ, ബയോ ടോയ്‌ലറ്റുകൾ, കുന്നിൻറെ താഴ്ഭാഗത്ത് കുട്ടികൾക്കായി കളിസ്ഥലം, റെസ്റ്റോറൻറ്, കഫേ, പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ പദ്ധതിയിലൂടെ സജ്ജമാക്കാനുള്ള പ്രോജക്ട് നേരത്തെ പഞ്ചായത്ത് തയാറാക്കി സമർപ്പിച്ചിരുന്നു. പാർപ്പിട മേഖലകൾക്കു ചുറ്റും സിസിടിവി കാമറകളും വേലികളും സ്ഥാപിക്കും. സൗരോർജത്തിൽ പ്രവർത്തിക്കുന്ന ലൈറ്റിംഗ്, വാട്ടർ കണക്ഷനുകൾ, മാലിന്യ സംസ്കരണ സംവിധാനം എന്നീ സേവനങ്ങളും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നു. സാഹസിക വിനോദസഞ്ചാരത്തിനുള്ള സൗകര്യവും ഇവിടെ ഒരുക്കാൻ പദ്ധതിയുണ്ട്.

കുന്നിൻറെ വൈവിധ്യമാർന്ന ഭൂപ്രകൃതിക്കനുസരിച്ചുള്ള ഉയർന്ന മലകയറ്റങ്ങൾ, റോപ്പ്‌വേ മുതലായവയാണു പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്. കുഞ്ഞാലിപ്പാറയുടെ പ്രാദേശിക ചരിത്രവും ഭൂമിശാസ്ത്ര വിവരങ്ങളും കാണിക്കുന്ന ടൂറിസ്റ്റ് ഇൻറർപ്രെട്ടേഷൻ സെൻറർ ഇവിടെ സ്ഥാപിക്കും. പ്രദേശത്തിൻറെ പാരിസ്ഥിതിക പ്രാധാന്യം സംരക്ഷിക്കുന്നതിനൊപ്പം കുഞ്ഞാലിപ്പാറയെ വിനോദസഞ്ചാര കേന്ദ്രമാക്കി സഞ്ചാരികളെ ആകർഷിക്കാനാണു ലക്ഷ്യം.

കുഞ്ഞാലിപ്പാറയിലെ നിർദിഷ്ട ടൂറിസം പദ്ധതിയുടെ സാധ്യതകൾ വിലയിരുത്തുന്നതിനായാണ് എംഎൽഎ, ജില്ല കളക്ടർ, കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എം.ആർ. രഞ്ജിത്, മറ്റത്തൂർ പഞ്ചായത്ത് പ്രസിഡൻറ് അശ്വതി വിബി, ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി സി. വിജയരാജ്, തഹസിൽദാർ ഇ.എൻ. രാജു തുടങ്ങിയവർ കുഞ്ഞാലിപ്പാറ പ്രദേശം സന്ദർശിച്ചത്.




# കിയ പുതിയ സോനെറ്റ് അവതരിപ്പിച്ചു

**തൃശൂർ:** സുരക്ഷക്ക് പ്രാധാന്യം നൽകി പുതിയ മോഡൽ ദ ന്യൂ സോനെറ്റ് കാറുകളുമായി പ്രമുഖ പ്രീമിയം കാർ നിർമ്മാതാക്കളായ കിയ. കുടുംബങ്ങളെയും പുതിയ സാങ്കേതിക വിദ്യകൾ ഇഷ്ടപ്പെടുന്നവരേയും ലക്ഷ്യമിട്ട് 10 പുതിയ ഫീച്ചറുകളോടെയാണ് വിപണിയിലേക്കെത്തുന്നത്. കൂടുതൽ ദൃഢതയോടെ നിർമ്മിക്കുന്ന കാറിൽ അഡ്വാൻസ്ഡ് ഡ്രൈവർ അസിസ്റ്റൻസ് സാങ്കേതിക വിദ്യയും (എ.ഡി.എ.എസ്) ആറ് എയർബാഗുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഇതോടൊപ്പം സുരക്ഷിതമായി വാഹനം ഓടിക്കുന്നവർക്ക് സമ്മാനം നൽകുന്ന പുതിയ ഫീച്ചറായ കിയ ഇൻസ്പെയറിംഗ് ഡ്രൈവ് പ്രോഗ്രാമും സോനെറ്റിൽ അവതരിപ്പിച്ചിട്ടുണ്ട്.

കിയ കണക്ട് ആപ്പിലൂടെ സീറ്റ് ബെൽറ്റ് ഉപയോഗം, പെട്ടെന്നുള്ള ബ്രേക്കിംഗ്, വേഗത പരിധികൾ പാലിക്കൽ തുടങ്ങി ഓടിക്കുന്നവരുടെ ഡ്രൈവിംഗ് രീതി വിലയിരുത്തി റിവാർഡുകൾക്കായി റിഡീം ചെയ്യാവുന്ന ഇക്കോസ്കോർ നൽകുന്ന സംവിധാനമാണിത്.

വിപണിയിൽ ആദ്യമായി കാരൻസിലും സെഗ്മെന്റിൽ ആദ്യമായി സെൽടോസിലും ആറ് എയർ ബാഗുകൾ അവതരിപ്പിച്ച് ശ്രദ്ധ നേടിയ ശേഷമാണ് സോണറ്റിലേക്കും കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ കൊണ്ടു വരുന്നത്.

ഇതോടെ എല്ലാ മോഡലുകളിലും ആറോ അതിലധികമോ സീറ്റ് ബെൽറ്റുകളുള്ള ഏറ്റവും പുതിയ ബ്രാന്റ് ആയി കിയ മാറും. വാഹനം അപകടത്തിൽ പെടുന്നത് ഒഴിവാക്കാൻ വിവിധ തരം ഫ്രണ്ട് കൊളീഷൻ വാണിംഗുകൾ, ഡ്രൈവർ അറ്റൻഷൻ വാണിംഗ്, ലീഡിംഗ് വെഹിക്കിൾ ഡിപാർച്ചർ അസിസ്റ്റ്, ലെയിൻ കീപ്പിംഗ് അസിസ്റ്റുകൾ തുടങ്ങിയ ഫീച്ചറുകളാണ് പുതിയ സോനെറ്റിൽ അവതരിപ്പിക്കുന്നത്. ഇതോടെ സുരക്ഷാ സംവിധാനങ്ങളുടെ എണ്ണം 25 ആകും.

രണ്ട് സ്ക്രീൻ ഉള്ള പാനൽ ഡിസൈൻ, റിയർ ഡോർ സൺഷെയ്ഡ് കർട്ടൻ, എല്ലാ ഡോറുകളെയും നിയന്ത്രിക്കാൻ കഴിയുന്ന വൺ ടച്ച് പവർ വിൻഡോ, സൂക്ഷ്മാണുക്കളെ നശിപ്പിക്കുന്നതിനുള്ള സ്മാർട്ട് പ്യുവർ എയർ പ്യൂരിഫയർ, തുടങ്ങിയവയാണ് ആകർഷകമായ സൗകര്യങ്ങളും ഉണ്ട്. ഡീസൽ പവർട്രെയിനൊപ്പം മാനുവൽ ട്രാൻസ്മിഷൻ കൂടി അവതരിപ്പിച്ചതോടെ കൂടുതൽ വ്യത്യസ്ത വേരിയന്റുകളിലാണ് ഏറ്റവും പുതിയ സോനെറ്റ് എത്തുന്നത്.

പുതിയ സോനെറ്റിന്റെ അവതരണത്തോടെ കോംപാക്റ്റ് എസ്.യു.വി. വിഭാഗത്തിൽ മുൻനിര സ്ഥാനം നേടുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് കിയ ഇന്ത്യ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒ.യുമായ തേജിൻ പാർക്ക് പറഞ്ഞു.

ഇന്ത്യയിലെ കിയയുടെ വിജയത്തിൽ സോനെറ്റിന് പ്രത്യേക സ്ഥാനമാണുള്ളതെന്നും തകർപ്പൻ സവിശേഷതകളോടെ ഇന്ത്യയിൽ അവതരിപ്പിച്ച ചെയ്ത കാറുകൾ 100ലധികം രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെട്ടിട്ടുണ്ടെന്നും കൂട്ടിച്ചേർത്തു

# ഫിസാറ്റും മലേഷ്യൻ യൂണിവേഴ്സിറ്റിയുമായി ധാരണ പത്രത്തിൽ ഒപ്പു വച്ചു

**അങ്കമാലി:** ഫിസാറ്റ് എൻജിനിയറിങ് കോളേജും അൽ സുൽത്താൻ അബ്ദുള്ള പഗാങ് മലേഷ്യൻ യൂണിവേഴ്സിറ്റിയുമായി ധാരണ പത്രത്തിൽ ഒപ്പു വച്ചു.

ഫിസാറ്റ് എഞ്ചിനീറിങ് കോളേജിന് വേണ്ടി ചെയർമാൻ പി ആർ ഷിമിത്തും മലേഷ്യൻ യൂണിവേഴ്സിറ്റിക്കു വേണ്ടി വൈസ് ചാൻസിലർ ഡോ യുസേരി ബിൻ സൈനുദിനും ധാരണ പത്രത്തിൽ ഒപ്പു വച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സംയുക്ത ഗവേഷണങ്ങൾ, ഓൺലൈൻ കോഴ്സുകൾ, സിമ്പോസിയങ്ങൾ, റിസർച്ച് ഗ്രാന്റുകളുടെ സഹകരണം തുടങ്ങി വിവിധ അക്കാദമിക് മേഖലകളിലെ പ്രവർത്തനങ്ങളിൽ രണ്ടു സ്ഥാപനങ്ങളും സഹകരിക്കും. ധാരണ പത്രം വഴി സിവിൽ എഞ്ചിനീറിങ് വിദ്യാർത്ഥികൾക്ക് മലേഷ്യയിൽ തുടർ പഠനം നടത്തുന്നതിനും ഗവേഷണ മേഖലകളിൽ കൂടുതൽ സഹകരണത്തിനും വഴി തെളിയും ചടങ്ങിൽ അൽ സുൽത്താൻ അബ്ദുള്ള പഗാങ് മലേഷ്യൻ യൂണിവേഴ്സിറ്റി ഡീൻ ഡോ എച് ജെ ഫഡ്സിൽ മാറ്റ് യഹയ, സിവിൽ എഞ്ചിനീറിങ് വിഭാഗം മേധാവി ഡോ ജിജി ആന്റണി, ഡോ പി ഇ കവിത, പി കെ പോളി തുടങ്ങിയവർ പങ്കെടുത്തു



**അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജും അൽ സുൽത്താൻ അബ്ദുള്ള പഗാങ് മലേഷ്യൻ യൂണിവേഴ്സിറ്റിയുമായുള്ള ധാരണ പത്രം ഫിസാറ്റിന് വേണ്ടി സിവിൽ എഞ്ചിനീറിങ് വിഭാഗം മേധാവി ഡോ ജിജി ആന്റണിയും മലേഷ്യൻ യൂണിവേഴ്സിറ്റിക്കുവേണ്ടി അൽ സുൽത്താൻ അബ്ദുള്ള പഗാങ് മലേഷ്യൻ യൂണിവേഴ്സിറ്റി ഡീൻ ഡോ എച് ജെ ഫഡ്സിൽ മാറ്റ് യഹയും പര്സപരം കൈമാറുന്നു**



# ക്രെഡോ ബ്രാൻഡ്സ് ലിമിറ്റഡിന്റെ ഐപിഒ ഡിസംബർ 19ന്

**കൊച്ചി:** പുരുഷ വസ്ത്ര മേഖലയിലെ പ്രമുഖ ഫാഷൻ ബ്രാൻഡ് മുഫ്തിയുടെ ഉടമകളായ ക്രെഡോ ബ്രാൻഡ്സ് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന ഡിസംബർ 19ന് ആരംഭിക്കും. 266 മുതൽ 280 രൂപ വരെയാണ് പ്രതിഓഹരി വില. ചുരുങ്ങിയത് 53 ഓഹരികളോ ഇതിന്റെ മടങ്ങുകളോ ആയി വാങ്ങാം. ഡിസംബർ 21ന് വിൽപ്പന അവസാനിക്കും.

രണ്ടു രൂപ മുഖവിലയിൽ 19634960 ഓഹരികൾ ഐപിഒ വഴി വിറ്റൊഴിയാനാണ് കമ്പനി ലക്ഷ്യമിടുന്നത്. പുരുഷ വസ്ത്രങ്ങളിൽ പുതുമ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കമൽ കുഷ്ലാനി 1998 ലാണ് മുഫ്തി ബ്രാൻഡ് ആരംഭിച്ചത്. പുതിയ ട്രെൻഡിനനുസരിച്ചുള്ള ടീഷർട്ട്, സ്വെറ്റ് ഷർട്ട്, ജീൻസ്, കാർഗോസ്, ചിനോസ്, ജാക്കറ്റ്, ബ്ലേസർ, കാഷൽസ്, പാർട്ടി വെയർ തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾ ബ്രാൻഡിന് കീഴിൽ ലഭ്യമാണ്.

# ആദിത്യ ബിർള ഹെൽത്ത് ഇൻഷുറൻസ് ആക്ടീവ് വൺ അവതരിപ്പിച്ചു

**കൊച്ചി:** പോളിസി ഉടമകൾക്ക് തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്താൻ സാധിക്കുന്ന സമഗ്രവും ലളിതവുമായ ആക്ടീവ് വൺ പദ്ധതിക്ക് ആദിത്യ ബിർള ഹെൽത്ത് ഇൻഷുറൻസ് തുടക്കം കുറിച്ചു. ആരോഗ്യകരവും സജീവവുമായ ജീവിത ശൈലി പിന്തുടർന്ന് മുഴുവൻ പ്രീമിയവും തിരികെ വാങ്ങാനുള്ള ഹെൽത്ത് റീട്ടേൺസ് എന്ന പേരിലുള്ള അവസരവും ഈ പദ്ധതി മുന്നോട്ടു വെക്കുന്നുണ്ട്.

ക്ലെയിം പ്രൊട്ടക്റ്റ്, ഉപ പരിധികൾ ഇല്ലാതെ പ്രയോജനപ്പെടുത്താനുള്ള അവസരം, സൂപ്പർ റീലോഡ്, സൂപ്പർ ക്രെഡിറ്റ് എന്നീ സവിശേഷതകളും പദ്ധതിയിലുണ്ട്. പുതുക്കിയ പ്രീമിയം അടക്കൽ, മറ്റ് മെഡിക്കൽ ഇതര ചെലവുകൾ, ഒപി ചെലവുകൾ തുടങ്ങിയവയ്ക്കായി തിരികെ കിട്ടുന്ന ഹെൽത്ത് റിട്ടേൺസ് പ്രയോജനപ്പെടുത്താം. ക്ലെയിം പ്രൊട്ടക്റ്റ് വഴി ഫെയ്സ് മാസ്ക്കുകൾ, ഗ്ലൗസുകൾ, ഓക്സിജൻ സിലിണ്ടറുകൾ തുടങ്ങിയ മെഡിക്കൽ ഇതര ചെലവുകൾ ലഭിക്കും. സൂപ്പർ റീലോഡ് അനുസരിച്ച് പരിരക്ഷാ തുക തീരുകയാണെങ്കിൽ പരിധിയില്ലാതെ റീലോഡ് ചെയ്യാനാവും. പരിരക്ഷാ തുക ആറാം വർഷത്തോടെ ആറു മടങ്ങു വരെ വർധിപ്പിക്കാനാണ് സൂപ്പർ ക്രെഡിറ്റ് സഹായകമാകുന്നത്.

തങ്ങളുമായി ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്താണ് ആക്ടീവ് വൺ അവതരിപ്പിച്ചിരിക്കുന്നതെന്നും പോളിസി ഉടമകളെ ആരോഗ്യകരമായ ജീവിത ശൈലി പിന്തുടരാൻ പ്രോൽസാഹിപ്പിക്കുക തങ്ങളുടെ കാഴ്ചപ്പാടാണെന്നും ആദിത്യ ബിർള ഹെൽത്ത് ഇൻഷുറൻസ് സിഇഒ മയാങ്ക് ബത്വാൾ പറഞ്ഞു.

# ഖാദി സ്പെഷ്യൽ റിബേറ്റ്

**കൊല്ലം:** ക്രിസ്തുമസ്, ന്യൂ ഇയർ പ്രമാണിച്ചു ഖാദി തുണിത്തരങ്ങൾക്ക് ജനുവരി ആറ് വരെ സ്പെഷ്യൽ റിബേറ്റ്. കോട്ടൺ, സിൽക്ക് വസ്ത്രങ്ങൾക്ക് 30 ശതമാനം വരെയും പോളിസ്റ്റർ, വൂളൻ വസ്ത്രങ്ങൾക്ക് 20 ശതമാനം വരെയുമാണ് റിബേറ്റ് ലഭ്യമാക്കുക.

സർക്കാർ, അർധസർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രഡിറ്റ് ലഭിക്കും. ഖാദിഗ്രാമ സൗഭാഗ്യ, കർബല ജംഗ്ഷൻ കൊല്ലം (0474 2742587), ഖാദി ഗ്രാമ സൗഭാഗ്യ, പുലമൺ ജംഗ്ഷൻ കൊട്ടാരക്കര (0474 2650631) എന്നിവിടങ്ങളിൽ ലഭിക്കും. ഖാദി മേളയുടെ ജില്ലാതല ഉദ്ഘാടനം കോർപറേഷൻ കൗൺസിലർ എ കെ സവാദ് നിർവഹിച്ചു . പ്രൊജക്റ്റ് ആഫീസർ രാജലക്ഷ്മി അദ്ധ്യക്ഷയായി. .

# 7000 ചാർജിംഗ് സ്റ്റേഷനുകൾ; ടാറ്റയുമായി കൈകോർത്ത് ബിപിസിഎൽ




**കൊച്ചി:** ഇന്ത്യയിൽ ഇലക്ട്രിക് വാഹന വിപ്ലവത്തിന് തുടക്കം കുറിച്ച ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡും (ടിപിഇഎം) ഫോർച്യൂൺ 500, ഫുള്ളി ഇന്റഗ്രേറ്റഡ് മഹാരത്ന എനർജി കമ്പനിയായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബിപിസിഎൽ) രാജ്യത്തുടനീളം പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സഹകരിക്കുന്നതിൽ ധാരണാപത്രം ഒപ്പുവച്ചു. ഭാരത് പെട്രോളിയം ലിമിറ്റഡിന്റെ വിപുലമായ ഇന്ധന സ്റ്റേഷനുകളുടെ ശൃംഖലയെ ശക്തിപ്പെടുത്താൻ പങ്കാളിത്തം പ്രയോജനപ്പെടും. ഇന്ത്യൻ നിരത്തുകളിലെ 1.15 ലക്ഷത്തിലധികം ടാറ്റ ഇവികളിൽ നിന്നുള്ള ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡിന്റെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ച് ടാറ്റ ഇവി ഉടമകൾ പതിവായി സന്ദർശിക്കുന്ന സ്ഥലങ്ങളിലായിരിക്കും ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്.

ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡും (ടിപിഇഎം) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബിപിസിഎൽ) തമ്മിലുള്ള പുതിയ കരാർ ഇന്ത്യയിലുടനീളമുള്ള ഇവി ഉടമകൾക്ക് മൊത്തത്തിലുള്ള അനുഭവം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. രാജ്യത്തുടനീളം 21,000ലധികം ഇന്ധന സ്റ്റേഷനുകളുടെ ശൃംഖലയാണ് ഭാരത് പെട്രോളിയത്തിനുള്ളത്. തന്ത്രങ്ങളും നിക്ഷേപങ്ങളും പാരിസ്ഥിതിക ലക്ഷ്യങ്ങളും സംയോജിപ്പിച്ച് സുസ്ഥിരമായ ഭാവിക്കായി പ്രതിജ്ഞാബദ്ധമായാണ് ബിപിസിഎൽ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതും. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 7,000 എനർജി സ്റ്റേഷനുകളിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

ടാറ്റ ഇവി ഉപയോക്താക്കൾക്ക് പേയ്മെന്റ് എളുപ്പമാക്കുന്നതിനും രാജ്യത്ത് ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകര്യത വർധിപ്പിച്ച് കൂടുതൽ ആളുകളിലേക്ക് ഇവി എത്തിക്കുന്നതിന് കോബ്രാൻഡഡ് ആർഎഫ്ഐഡി കാർഡ് ഉപയോഗിച്ച് സൗകര്യപ്രദമായ പേയ്മെന്റ് സംവിധാനം അവതരിപ്പിക്കുന്നതിനുള്ള സാധ്യതയും രണ്ട് കമ്പനികളും പരിശോധിക്കുന്നുണ്ട്. ഇലക്ട്രിക് വാഹന ഉടമകളുടെ റേഞ്ചുമായി ബന്ധപ്പെട്ട ആശങ്കകൾ ലഘൂകരിക്കുന്നതിന് ബിപിസിഎൽ രാജ്യത്തുടനീളം 90 ഇലക്ട്രിക് വെഹിക്കിൾ ഫാസ്റ്റ് ചാർജിംഗ് ഹൈവേ കോറിഡോറുകൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന ഹൈവേകളുടെ ഇരുവശങ്ങളിലും ഓരോ 100 കിലോമീറ്ററിലും ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ ഉറപ്പാക്കുന്നു. ഈ ഇടനാഴികൾ വിവിധ ഹൈവേകളിലൂടെ 30,000 കിലോമീറ്ററിലധികം വ്യാപിച്ചുകിടക്കുന്നു, മെച്ചപ്പെട്ട ഇവി സൗകര്യവും പ്രവേശനക്ഷമതയും ഉറപ്പുനൽകുന്നു.

ലോകമെമ്പാടുമുള്ള കേസ് പഠനങ്ങൾ കാണിക്കുന്നത് സർവ്വവ്യാപിയായതും സൗകര്യപ്രദവുമായ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ ഡ്രൈവിംഗ് ഇവി ദത്തെടുക്കലിന് ഒരു മുൻവ്യവസ്ഥയാണെന്നും ചാർജിംഗ് ഇൻഫ്രാസ്ട്രക്ചറിലെ വളർച്ച ഇവി ദത്തെടുക്കലിൽ ഗണ്യമായ വളർച്ചയ്ക്ക് കാരണമാകുമെന്നും. രണ്ട് മുൻനിര കമ്പനികൾ തമ്മിലുള്ള സഹകരണം രാജ്യത്തെ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചറിന്റെ വളർച്ച ത്വരിതപ്പെടുത്തുമെന്നും അങ്ങനെ ഇന്ത്യയിലെ മുഖ്യധാരാ ഇവി ദത്തെടുക്കലിന് സംഭാവന നൽകുമെന്നും പ്രതീക്ഷിക്കുന്നു.

# എച്ച്ഡിഎഫ്സി ലൈഫ് ക്ലിക്ക് 2 അച്ചീവ് പ്ലാൻ പുറത്തിറക്കി

**കൊച്ചി:** എച്ച്ഡിഎഫ്സി ലൈഫ് തങ്ങളുടെ പുതിയ ഉൽപ്പന്നം എച്ച്ഡിഎഫ്സി ലൈഫ് ക്ലിക്ക് 2 അച്ചീവ് എന്ന ഗ്യാരണ്ടീഡ് സേവിംഗ്സ് ലൈഫ് ഇൻഷുറൻസ് പ്ലാൻ പുറത്തിറക്കി. പ്രിയപ്പെട്ടവരുടെ ഭാവി സംരക്ഷിക്കുന്നതിനും അവരുടെ സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് എച്ച്ഡിഎഫ്സി ലൈഫ് പ്രൊഡക്ട്സ് ആൻഡ് സെഗ്മെന്റ് മേധാവി അനീഷ് ഖന്ന പറഞ്ഞു.

ഗ്യാരണ്ടിയുടെ അധിക സുരക്ഷ ഉപയോഗിച്ച് നിങ്ങളുടെ സ്വന്തം പണമൊഴുക്ക് രൂപകൽപ്പന ചെയ്യാനുള്ള കഴിവ്, വർദ്ധിച്ചുവരുന്ന വരുമാന ഓപ്ഷൻ ഉപയോഗിച്ച് നിങ്ങളുടെ വരുമാനത്തിൽ പണപ്പെരുപ്പത്തിന്റെ ആഘാതം കുറയ്ക്കാം, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് + 1.5% എന്ന നിരക്കിൽ നിങ്ങളുടെ അതിജീവന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാം, പ്രീമിയം റിട്ടേൺ തുകയും നിങ്ങൾക്ക് ലഭിക്കാൻ ആഗ്രഹിക്കുന്ന വർഷവും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം എന്നിവയാണ് ഈ പ്ലാനിന്റെ സവിശേഷതകളെന്നും അനീഷ് ഖന്ന പറഞ്ഞു.

# തൊഴിലാളി വൈദഗ്ധ്യം വർധിപ്പിക്കാൻ ശിൽപശാലാ പരമ്പരയുമായി സൂപ്പർഫാൻ

**കൊച്ചി:** തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താൻ സൂപ്പർഫാൻ കമ്പനി വർക്ക് ഷോപ്പ് പരമ്പര നടത്തും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ 3000 തൊഴിലാളികൾക്കായാണ് ശിൽപശാലകൾ സംഘടിപ്പിക്കുന്നത്. ഇന്ത്യയിലെ ആദ്യ ബിഎൽഡിസി സൂപ്പർഫാൻ അവതരിപ്പിച്ചതിന്റെ പതിനൊന്നാം വാർഷികത്തോടനുബന്ധിച്ചാണ് സംരംഭമെന്നു കമ്പനി അറിയിച്ചു. ബിഎൽഡിസി മോട്ടോർ ഫാൻ വിദഗ്ധരുടെ സംഘമാണ് സൂപ്പർഫാൻ കമ്പനിയിലെ ടെക്നീഷ്യൻമാരും ഇലക്ട്രീഷ്യന്മാരും ഉൾപ്പെടെ തൊഴിലാളികളെ ശാക്തീകരിക്കുന്നത്. ഊർജ്ജക്ഷമത കൂടിയ വീട്ടുപകരണം എന്ന പ്രതിബദ്ധത നിലനിർത്താനാണ് തൊഴിലാളികളുടെ വൈദഗ്ധ്യം കൂട്ടാൻ സംരംഭങ്ങളൊരുക്കുന്നതെന്ന് സൂപ്പർഫാൻ സിഇഒ മയൂർ സുന്ദരരാജൻ പറഞ്ഞു. ബിഎൽഡിസി ഫാനുകളുടെ രൂപകൽപ്പന, നിർമ്മാണം, വിപണനം, വിൽപ്പന, സേവനം, പുനരുപയോഗം എന്നിവ മികച്ചതാണ്. വ്യവസായത്തിൽ നവീകരണവും പുതിയ ക്രമീകരണങ്ങൾ സജ്ജീകരിക്കുന്നതും തുടരുമെന്നും അദ്ദേഹം പറഞ്ഞു.

# കിൻഡർ വിമൻസ് ഹോസ്പിറ്റൽ ആൻഡ് ഫെർട്ടിലിറ്റി സെൻററിന് ഏറ്റവും മികച്ച മാതൃശിശു പരിപാലന കേന്ദ്രത്തിനുള്ള അവാർഡ്



**കൊച്ചി:** കിൻഡർ വിമൻസ് ഹോസ്പിറ്റൽ ആൻഡ് ഫെർട്ടിലിറ്റി സെൻററിന് 2023ലെ ടൈംസ് ഹെൽത്ത് എക്സലൻസ് അവാർഡ് ലഭിച്ചു. ഗുണനിലവാരമുള്ള ആരോഗ്യ പരിപാലനത്തിനും രോഗികളുടെ സംതൃപ്തിക്കുമുള്ള പ്രതിബദ്ധത പ്രകടമാക്കുന്ന കേരളത്തിലെ ഏറ്റവും മികച്ച എമർജിംഗ് മദർ ആൻഡ് ചൈൽഡ് കെയർ ഹോസ്പിറ്റൽ അവാർഡാണ് കിൻഡർ ഹോസ്പിറ്റലിന് ലഭിച്ചത്.

കിൻഡർ ഹോസ്പിറ്റൽസ് സിഇഒ രഞ്ജിത്ത് കൃഷ്ണൻ, സിഒഒ സുധീന്ദ്ര ജി ഭട്ട്, മാർക്കറ്റിംഗ് ഹെഡ് കിരൺ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

മാതൃശിശു പരിപാലനത്തിലെ മികവിനോടുള്ള കിൻഡർ വിമൻസ് ഹോസ്പിറ്റലിൻറെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് ഈ പുരസ്കാരമെന്ന് കിൻഡർ ഹോസ്പിറ്റൽസ് സിഇഒ രഞ്ജിത്ത് കൃഷ്ണൻ പറഞ്ഞു.

ആരോഗ്യപരിപാലനരംഗത്ത് നൂതനാശയങ്ങളും ഉയർന്ന നിലവാരങ്ങളും സ്ഥാപിക്കാനുള്ള ഞങ്ങളുടെ ദൃഢനിശ്ചയത്തെ ഇത് ശക്തിപ്പെടുത്തുന്നു. ഡോക്ടർമാർ മുതൽ സപ്പോർട്ട് സ്റ്റാഫ് വരെയുള്ള ഞങ്ങളുടെ ടീമിലെ ഓരോ അംഗവും ഈ യാത്രയിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്നും സമൂഹത്തിന് സമാനതകളില്ലാത്ത പരിചരണവും സേവനവും നൽകുമെന്ന പ്രതിജ്ഞ പുതുക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

കിൻഡൊറാമ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിൻറെ കീഴിലുള്ള കിൻഡർ ഹോസ്പിറ്റൽ ആരോഗ്യ സംരക്ഷണത്തിൽ അന്താരാഷ്ട്ര നിലവാരം നിരന്തരം ഉയർത്തിപ്പിടിച്ചിട്ടുണ്ട്. മികച്ച പരിചരണം നൽകുന്നതിനും ആരോഗ്യമേഖലയിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള കിൻഡറിൻറെ അർപ്പണബോധത്തിനുള്ള അംഗീകാരമാണ് ഈ അവാർഡ്.

# ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ്: കെഎസ്ആർടിസി റെഡ്ബസുമായി കൈകോർക്കുന്നു



**കൊച്ചി:** പ്രമുഖ ഓൺലൈൻ ബസ് ടിക്കറ്റിംഗ് പ്ലാറ്റ്ഫോമായ റെഡ്ബസ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പങ്കാളിത്തത്തോടെ തങ്ങളുടെ മൊബൈൽ ആപ്പിലും വെബ്സൈറ്റിലും ഓൺലൈൻ ടിക്കറ്റ് ബുക്കിങ് ആരംഭിച്ചു.

കെഎസ്ആർടിസിയിലെ യാത്രക്കാർക്ക് കേരളത്തിനകത്തുള്ള റൂട്ടുകളിലും കേരളത്തിൽ നിന്ന് കർണാടക, തമിഴ്നാട് എന്നിവയുൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള റൂട്ടുകളിലും മെച്ചപ്പെട്ടതും വേഗത്തിലുള്ളതുമായ ബസ് ബുക്കിംഗ് ഈ സംവിധാനം ഉപയോഗിച്ച് സാധിക്കും.

പുതിയ ഉപഭോക്താക്കൾക്ക് ബസ് ടിക്കറ്റിന് 250 കിഴിവും റെഡ്ബസ് പ്രഖ്യാപിച്ചിട്ടുണ്ടെന്ന് റെഡ്ബസ് ചീഫ് ബിസിനസ് ഓഫീസർ മനോജ് അഗർവാല പറഞ്ഞു.

കെഎസ്ആർടിസിയുടെ 800ലധികം ബസ് സർവീസുകൾ ഇപ്പോൾ റെഡ്ബസിൽ ഓൺലൈൻ ബുക്കിംഗിനായി ലഭ്യമാണ്. സ്വിഫ്റ്റ്ഗജരാജ് മൾട്ടി ആക്സിൽ വോൾവോ എസി സ്ലീപ്പർ ബസുകൾ, എസി മൾട്ടി ആക്സിൽ ലോവർ ഫ്ളോർ എസി, സൂപ്പർ ഡീലക്സ് എയർ ബസ്, മിന്നൽ സൂപ്പർ ഡീലക്സ് എയർ ബസ്, സൂപ്പർ ഫാസ്റ്റ്, സ്വിഫ്റ്റ്ഹൈബ്രിഡ് നോൺ എസി സീറ്റർ കം സ്ലീപ്പർ, സ്വിഫ്റ്റ് ഹൈബ്രിഡ് എസി സീറ്റർ കം സ്ലീപ്പർ, സ്വിഫ്റ്റ്ഡീലക്സ് എയർ ബസ്, സൂപ്പർ എക്സ്പ്രസ് എയർ ബസ്, സ്വിഫ്റ്റ്ഗരുഡ എസി സീറ്റർ ബസ്, സ്വിഫ്റ്റ് സൂപ്പർ ഫാസ്റ്റ് എയർ ബസ് ആന്റ് ഫാസ്റ്റ് പാസഞ്ചർ തുടങ്ങി കെഎസ്ആർടിസിയിലെ എല്ലാ വിഭാഗത്തിലുള്ള ബസുകളും റെഡ് ബസ് വഴി ബുക്ക് ചെയ്യാമെന്ന് മനോജ് അഗർവാല പറഞ്ഞു.

# ഷീ പാർലമെന്റും മോഡൽ നിയമസഭയുമായി ജില്ലാ പഞ്ചായത്ത്

**കൊച്ചി:** വനിതകൾക്ക് പാർലമെന്ററി ജനാധിപത്യത്തിലും നടപടി ക്രമങ്ങളിലും കൂടുതൽ അറിവും പരിചയവും പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ ഷീ പാർലമെന്റും മോഡൽ നിയമസഭയുമായി ജില്ലാ പഞ്ചായത്ത്. ഡിസംബർ 15ന് ഭാരത് മാതാ കോളേജിൽ പരിപാടി നടക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

രാവിലെ 9.30 മുതൽ മോഡൽ നിയമസഭയുടെ റിഹേഴ്സലും പരിശീലന പരിപാടിയുടെ തുടർച്ചയും ഉണ്ടാകും. നിയമസഭാ സെക്രട്ടറിയേറ്റ് ജോയിന്റ് സെക്രട്ടറി ഉണ്ണികൃഷ്ണൻ, അഡീഷണൽ സെക്രട്ടറി വിജയകുമാർ എന്നിവർ നേതൃത്വം നൽകും.ഉച്ചകഴിഞ്ഞ് രമേശ് ചെന്നിത്തല എംഎൽഎ പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിക്കും. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് മുഖ്യപ്രഭാഷണം നടത്തും. തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള മുഖ്യ അതിഥിയാകും. ഉമ തോമസ് എം.എൽ.എ യോഗത്തിൽ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് സ്വാഗതം പറയും. വൈസ് പ്രസിഡന്റ് സനിത റഹീം ആമുഖ പ്രഭാഷണം നടത്തും.സെക്രട്ടറി വൈ വിജയകുമാർ പദ്ധതി വിശദീകരണം നടത്തും.

ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത പരിശീലനം നേടിയ വനിതകളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. ഇവർക്ക് നിയമസഭാ നടപടിക്രമങ്ങളെക്കുറിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. പരിശീലനം ലഭിച്ചവരിൽ നിന്ന് ഗവർണർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപ നേതാവ് എന്നിവരെ തിരഞ്ഞെടുത്തിട്ടുണ്ട്. പ്രസംഗം, ഗവർണറുടെ പ്രസംഗത്തിനുമേലുള്ള ചർച്ച ചോദ്യോത്തരവേള, അടിയന്തര പ്രമേയം ക്ഷണിക്കൽ തുടങ്ങി പാർലമെന്ററി നിയമസഭ നടപടിക്രമങ്ങളെല്ലാം ഒരു ദിവസത്തെ മോഡൽ നിയമസഭയിലും ഉണ്ടാകും.

പൊതുജനങ്ങൾക്ക് മോഡൽ നിയമസഭ വീക്ഷിക്കുന്നതിന് പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ട്. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് കേരള നിയമസഭയുടെ സമ്മേളനം ഒരു ദിവസം നേരിൽ വീക്ഷിക്കുന്നതിനുള്ള സംവിധാനവും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ റാണിക്കുട്ടി ജോർജ്, എം.ജെ ജോമി, കെ. ജെ ഡോണോ മാസ്റ്റർ, ആശാസനിൽ, അംഗങ്ങളായ ശാരദ മോഹൻ, എ.എസ് അനിൽകുമാർ, ഷൈനി ജോർജ്, മനോജ് മൂത്തേടൻ, നഗരസഭ കൗൺസിലർ സി. ജി ദിനൂപ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

# വികസിത് ഭാരത് സങ്കൽപ്പ് യാത്ര തൃശൂർ ജില്ലയിൽ പര്യടനം നടത്തി

**തൃശൂർ:** കേന്ദ്ര ഗവൺമെൻറ് പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ചിട്ടുള്ള വികസിപ്പ് ഭാരത് സങ്കൽപ് യാത്ര ഇന്ന് ചൊവ്വന്നൂർ ബ്ലോക്കിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ എത്തിച്ചേർന്നു.

സങ്കൽപ് യാത്രയ്ക്ക് കാട്ടാകാമ്പാൽ പഞ്ചായത്ത് നിവാസികൾ ഉജ്ജ്വല സ്വീകരണമാണ് നൽകിയത്. പരിപാടിയുടെ ഉദ്ഘാടനം പഞ്ചായത്ത് പന്ത്രണ്ടാം വാർഡ് മെമ്പർ പ്രദീപ് നിർവഹിച്ചു.



കേന്ദ്ര ഗവൺമെന്റിന്റെ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ പേര് ചേർക്കുന്നതിനുള്ള സൗകര്യം, കാർഷിക മേഖലയിൽ ഡ്രോൺ ഉപയോഗം പരിചയപ്പെടുത്തൽ, ഉജ്ജ്വല യോജനക്കുകീഴിൽ പുതിയ പാചക വാതക കണക്ഷനുകൾ വിതരണം ചെയ്യൽ എന്നീ പരിപാടികളും യാത്രയോടനുബന്ധിച്ച് നടന്നു.

ജില്ലാ ലീഡ് ബാങ്ക് മാനേജർ മോഹനചന്ദ്രൻ അധ്യക്ഷത വഹിച്ചു. ബിഎൽബിസി കൺവീനർ വിദ്യാസാഗർ, കനറാ ബാങ്ക് പഴഞ്ഞി ബാങ്ക് മാനേജർ ലിന്റോ, നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ ബിൻസി തുടങ്ങിയവർ സംസാരിച്ചു. മുദ്ര ലോൺ, പി എം ഇ ജി പി എന്നീ കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

# ഡിജിറ്റൽ മീഡിയ ആന്റ് മാർക്കറ്റിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) മുഖാന്തിരം തീരമൈത്രി പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ബിരുദധാരികളായ യുവതികൾക്ക് (പ്രായപരിധി 2135 വയസ്സ് ) ഡിജിറ്റൽ മീഡിയ ആന്റ് മാർക്കറ്റിംഗ് വിഷയത്തിൽ പരിശീലനം നൽകുന്നു.

അപേക്ഷകർ മത്സ്യബോർഡ് അംഗീകാരമുള്ള മത്സ്യത്തൊഴിലാളി കുടുംബത്തിലെ അംഗവും ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ എഫ് ഐ എം എസ് ഉൾപ്പെടുന്നവരും ആയിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 3 മാസത്തെ സൗജന്യ ഓൺലൈൻ പരിശീലനവും, കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 6 മാസത്തെ പ്രായോഗിക പരിശീലനവും നൽകുന്നു. 4 വർഷത്തെ പ്രൊഫഷണൽ ഡിഗ്രി ഉള്ളവർക്കും, കമ്പ്യൂട്ടർ പരിഞ്ജാനം ഉള്ളവർക്കും മുൻഗണന ഉണ്ടായിരിക്കും. മുൻ വർഷങ്ങളിൽ സാഫ് മുഖേന നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളിൽ പങ്കെടുത്തവർ അപേക്ഷിക്കേണ്ടതില്ല. അപേക്ഷ ഫോറം സാഫിന്റെ www.safkerala.org വെബ്സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ആധാർ കാർഡ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന്റെ സർട്ടിഫിക്കറ്റുകൾ, ക്ഷേമനിധി പാസ്ബുക്ക്, വയസ്സ് തെളിയിക്കുന്ന രേഖ എന്നിവയുടെ പകർപ്പുകൾ സഹിതം ഡിസംബർ 30നകം നോഡൽ ഓഫീസർ, സാഫ്, എറണാകുളം, ഓഫീസ് അസിർസ്റ്റ്ഴ്റ് ഡയറക്ടർ ഓഫ് ഫിഷറീസ് (ട്രെയിനിംഗ്), നിഫാം ബിൽഡിംഗ്, ഈസ്റ്റ് കടുങ്ങല്ലൂർ, യു.സി കോളേജ് പി.ഒ ആലുവ 683102 വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക് 8129644919, 7012132836 നമ്പരുകളിൽ ബന്ധപ്പെടാം.

## യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകർ പത്താം ക്ലാസ്സ് പാസ്സായിരിക്കണം. യോഗദർശനത്തിലും. യോഗാസന പ്രാണായാമ പദ്ധതികളിലും സാമാന്യജ്ഞാനം ലഭിക്കുന്ന തരത്തിലാണ് ഈ പഠന പരിപാടി ചിട്ടപ്പെടുത്തിയിട്ടുള്ളത്.

ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിന്റെ തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ അംഗീകൃത പഠനകേന്ദ്രങ്ങളുടെ സഹായത്തോടെയാണ് നടത്തുന്നത്. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ ലഭിക്കും. വിലാസം ഡയറക്ടർ. സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം. വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം ഫോൺ 04712325101, 8281114464. https://apps.rccc.in/register നിന്നും അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കാവുന്നതാണ്. വിശദാംശങ്ങൾ www.srccc.in വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 31.

എറണാകുളം ജില്ലയിലെ പഠന കേന്ദ്രങ്ങൾ: . ആനന്ദം യോഗ ആന്റ് മെഡിറ്റേഷൻ സെന്റർ, എറണാകുളം9446605436, സൺറൈസ് അക്കാദമി. എറണാകുളം 9446607564, പതഞ്ജലി യോഗ എറണാകുളം 9020852888, ശ്രീ പതഞ്ജലി യോഗാലയ, എറണാകുളം 8281505094, ആത്രേയം യോഗ. എറണാകുളം9446354736, . എൻലൈറ്റ് കോളേജ്, പെരുമ്പാവൂർ: 9048105832, ശ്രീശങ്കര വിദ്യാപീഠം കോളേജ്, പെരുമ്പാവൂർ: 04842657038, 9645835831, 9048105832.

## കൊച്ചിൻ ഹെറിറ്റേജ് കോൺഫറൻസ് 2023 ഫോട്ടോഗ്രഫിയിലൂടെ പ്രകൃതിയും ചരിത്രവും പൈതൃകവും വിലയിരുത്തുന്നു

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ആർക്കിയോളജി ആന്റ് മെറ്റീരിയൽ കൾച്ചർ സ്റ്റഡീസ് വകുപ്പും എറണാകുളം സെന്റ് തെരേസാസ് കോളേജ് ചരിത്രവിഭാഗവും സംയുക്തമായി എം.ജി.യൂണിവേഴ്സിറ്റിയിലെ സ്റ്റുഡൻസ് സർവീസസ് വിഭാഗത്തിന്റെയും ആകാശവാണി കൊച്ചി എഫ്.എമ്മിന്റെയും സഹകരണത്തോടെ കൊച്ചിൻ ഹെറിറ്റേജ് കോൺഫറൻസ് സംഘടിപ്പിക്കുന്നു.

ഡിസംബർ 15, 16, 17, 18 തീയതികളിൽ പരിപാടിയുടെ ഭാഗമായി ഫോട്ടോഗ്രാഫി മത്സരം നടത്തും. കൊച്ചി പ്രകൃതി, ചരിത്രം. പൈതൃകം എന്നതാണ് പരിപാടിയുടെ പ്രമേയം. കൊച്ചിയുടെ പ്രകൃതി സൗന്ദര്യവും ചരിത്ര പ്രാധാന്യവും സാംസ്കാരിക പൈതൃകവും ലെൻസിലൂടെ പ്രദർശിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഫോട്ടോഗ്രാഫി മത്സരത്തിൽ പങ്കെടുക്കാൻ അമചർ, പ്രഫഷണൽ ഫോട്ടോഗ്രാഫർമാരെ ക്ഷണിക്കുന്നു. പ്രവേശന ഫീസ് 100 രൂപ.

ക്യാമറയിൽ പകർത്തിയ ഫോട്ടോഗ്രാഫുകളാണ് മത്സരത്തിന് പരിഗണിക്കുക. മൊബൈൽ ഫോട്ടോഗ്രാഫി കർശനമായി നിരോധിച്ചിരിക്കുന്നു. ഓരോ എൻട്രിയിലും മത്സരത്തിനായി മൂന്ന് യഥാർത്ഥ ഫോട്ടോഗ്രാഫുകൾ വരെ അടങ്ങിയിരിക്കാം. ഫോട്ടോഗ്രാഫുകളിൽ തിരിച്ചറിയുന്ന വിവരങ്ങളൊന്നും പ്രദർശിപ്പിക്കരുത്. എൻട്രി സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 16. എൻട്രി ഫീസ് ജിപേ വഴി 8921532207 നമ്പറിലേക്ക് അയക്കാം. പണമടച്ചുള്ള രസീതിനൊപ്പം ഫോട്ടോകൾ cochinheritageconference2023@gmail.com എന്ന വിലാസത്തിലേക്ക് അയയ്ക്കുക. വിശദവിവരങ്ങൾക്ക് ഫോൺ 9746179123.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിൽ ഓടക്കാലി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ വി എച്ച് എസ് ഇ വിഭാഗത്തിലെ ഹാൻഡ്ഹെൽഡ് ഡിവൈസ് ടെക്നിഷ്യൻ ലാബിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ലാബ് ഉപകരണങ്ങളുടെ വിശദമായ പട്ടിക സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചുണ്ട്.

ടെൻഡർ അടക്കം ചെയ്തിരിക്കുന്ന കവറിന് പുറത്ത് ഹാൻഡ്ഹെൽഡ് ഡിവൈസ് ടെക്നിഷ്യൻ കോഴ്സ് എന്നും ലാബിലേക്കുള്ള ലാബ് ഉപകരണങ്ങളുടെ വിതരണം എന്നും രേഖപ്പെടുത്തേണ്ടതാണ്. വിലാസം പ്രിൻസിപ്പാൾ ഗവ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഓടക്കാലി, അശമന്നൂർ പി.ഒ. എറണാകുളം ജില്ല 683549. മുദ്രവെച്ച ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 26 വൈകിട്ട് 4 വരെ.

# ആഗോള സാമ്പത്തിക സേവന വിപണിയുടെ കേന്ദ്രമാകാൻ ഇന്ത്യയ്ക്ക് കഴിയും: ശ്രീ ധർമ്മേന്ദ്ര പ്രധാൻ

**കൊച്ചി :** NSDCയും ബജാജ് ഫിൻസെർവും,AICTE-യും ബജാജ് ഫിൻസെർവും തമ്മിൽ ഇന്ന് രണ്ട് ധാരണാപത്രങ്ങൾ കേന്ദ്രവിദ്യാഭ്യാസ, നൈപുണ്യ വികസന മന്ത്രി ശ്രീ. ധർമേന്ദ്ര പ്രധാൻ, ശ്രീ. അതുൽ കുമാർ തിവാരി സെക്രട്ടറി നൈപുണ്യ വികസനസംരംഭകത്വ മന്ത്രാലയം, പ്രൊഫ. രാജീവ് കുമാർമെമ്പർ സെക്രട്ടറി,വേദ് മണി തിവാരി, ബജാജ് ഫിൻസെർവിന്റെ ചെയർമാനും സഞ്ജീവ് ബജാജ് എന്നിവരുടെ സാന്നിധ്യത്തിൽ കൈമാറി. ചടങ്ങിൽ കുരുഷ് ഇറാനിപ്രസിഡന്റ് ഗ്രൂപ്പ് ഇടഞ, ബജാജ് ഫിൻസെർവിന്റെ നാഷണൽ ഹെഡ് പല്ലവി ഗാന്ധാലിക്കർ എന്നിവരും പങ്കെടുത്തു.

AICTE bpw (ഉന്നത വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിൽ) രാജ്യത്തെ നൈപുണ്യ ആവാസ വ്യവസ്ഥയുടെ പ്രധാന ആർക്കിടെക്റ്റായ ദേശീയ നൈപുണ്യ വികസന കോർപ്പറേഷനും, (നൈപുണ്യവികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ കീഴിൽ), യുവബിരുദധാരികളെ ഫിനാൻഷ്യൽ സർവീസ് മേഖലയിലെ തൊഴിലവസരങ്ങൾക്കായി സജ്ജരാക്കുന്നതിനായി ഇന്ത്യയിലെ പ്രമുഖവും വൈവിധ്യപൂർണ്ണവുമായ സാമ്പത്തിക സേവനഗ്രൂപ്പുകളിലൊന്നായ ബജാജ് ഫിൻസെർവ് ലിമിറ്റഡുമായി ഇന്ന് പങ്കാളിത്തം സ്ഥാപിച്ചു.

യുവബിരുദധാരികളെ ധനകാര്യ സേവന മേഖലയിലെ തൊഴിലവസരങ്ങൾക്കായി സജ്ജമാക്കുന്നതിനും ബാങ്കിംഗ്, ഫിനാൻസ്, ഇൻഷുറൻസ് എന്നിവയിൽ ഒരു സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിക്കുന്നതിനും ബജാജ്ഫിൻസെർവുമായി ചടഉഇയുംഅകഇഠഋയും ധാരണാപത്രം ഒപ്പിട്ട ചടങ്ങ് സാക്ഷ്യം വഹിച്ചു കൊണ്ട് ശ്രീധർമേന്ദ്രപ്രധാൻ പ്രശംസിച്ചു. ഇന്ന് രൂപീകരിച്ച പങ്കാളിത്തം സാമ്പത്തികമേഖലയിൽ വൻതോതിലുള്ള കാര്യക്ഷമത സൃഷ്ടിക്കുമെന്നും ഫിനാൻഷ്യൽ, ഡിജിറ്റൽ മേഖലകളിൽ നടക്കുന്ന പരിവർത്തനത്തിൽ പങ്കാളികളാകാൻ നമ്മുടെ യുവാക്കളെ പ്രാപ്തരാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്നലെ ആരംഭിച്ച വികസിത് ഭാരത് എന്ന പ്രധാനമന്ത്രിയുടെ വീക്ഷണമായ വോയ്സ് ഓഫ് യൂത്ത് പ്രോഗ്രാം, വികസിത ഇന്ത്യക്കായുള്ള യുവാക്കളുടെ ആശയങ്ങൾ, നൈപുണ്യ വികസനത്തിന്റെ പങ്ക്, വികസിത ഇന്ത്യയെ രൂപപ്പെടുത്തുന്നതിൽ സാമ്പത്തിക മേഖല എന്നിവ ഉയർത്തിക്കാട്ടുന്നു എന്ന് അദ്ദേഹം എടുത്തു പറഞ്ഞു. അറിവ്, കാര്യക്ഷമത, വൈദഗ്ധ്യം, ശരിയായമനോഭാവം എന്നിവയാൽ നയിക്കപ്പെടുന്ന വികസിത ഭാരതം (വികസിത് ഭാരത്)കെട്ടിപ്പടുക്കുന്നതിൽ നമ്മുടെ യുവജനങ്ങൾ ഒരു പ്രധാന പങ്കു വഹിക്കുമെന്ന് ശ്രീ പ്രധാൻ ഊന്നിപ്പറഞ്ഞു. വിജ്ഞാനത്തിന്റെയും കാര്യക്ഷമതയുടെയും ഒരു സൂപ്പർ ഹൈവേ ഞങ്ങൾ നിർമ്മിക്കുകയാണെന്നും ആഗോള സാമ്പത്തിക സേവന വിപണിയുടെ കേന്ദ്രമായി ഇന്ത്യ മാറുമെന്നും അദ്ദേഹം പറഞ്ഞു.




ബജാജ് ഫിൻസെർവുമായുള്ള ധാരണാപത്രം ഒപ്പിടുന്നത് വിദ്യാഭ്യാസത്തിലും വ്യവസായഅക്കാദമിയ ബന്ധങ്ങളിലും പുതിയസഹകരണം പ്രോത്സാഹിപ്പിക്കുമെന്ന് പ്രൊഫ. . സീതാറാം, ചെയർമാൻ, AICTE ,തന്റെ കാഴ്ചപ്പാട് പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു. ഫിനാൻസ്, ബാങ്കിംഗ്, ഇൻഷുറൻസ് മേഖലകളിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം, ഇന്റേൺഷിപ്പ്, തൊഴിൽപരിശീലനങ്ങൾ എന്നിവയ്ക്ക് വിപുലമായ അവസരങ്ങൾ നൽകിക്കൊണ്ട് വ്യവസായവും അക്കാദമികവും തമ്മിലുള്ള വിടവ് നികത്താനുള്ള AICTEയുടെ കാഴ്ചപ്പാടിനെ ഇത് ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സമീപ വർഷങ്ങളിൽ ഇന്ത്യയുടെ സാമ്പത്തിക മേഖല ഗണ്യമായ വളർച്ചയ്ക്കും വികാസത്തിനും സാക്ഷ്യം വഹിച്ചതായി NSDC-CEO-യുംചടഉഇഇന്റർനാഷണലിന്റെ ങഉയുമായ വേദ്മണി തിവാരി പറഞ്ഞു.നൈപുണ്യ വികസന സംരംഭങ്ങളിലൂടെ വൈവിധ്യമാർന്ന അവസരങ്ങൾ വാഗ്ദാനം ചെയ്ത് യുവാക്കളെ ശാക്തീകരിക്കുന്നതിലാണ് ഞങ്ങളുടെ സമർപ്പണമെന്നും, വ്യവസായത്തിന്റെ സാമ്പത്തിക മേഖലയിലെ മാറ്റങ്ങളുമായി ഞങ്ങളുടെ നൈപുണ്യ ശ്രമങ്ങളെ സമന്വയിപ്പിക്കുന്നതിനുള്ള ഒരു ചുവടുവയ്പ്പാണ് ബജാജ് ഫിൻസെർവുമായുള്ള പങ്കാളിത്തമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

---

FEDERAL BANK
YOUR PERFECT BANKING PARTNER

## ഫെഡറൽ ബാങ്കിന് ഐഎഫ് സി പുരസ്കാരം

കൊച്ചി: പാരിസ്ഥിതിക സുസ്ഥിര മേഖലകളിലെ സേവനങ്ങൾ മുൻ നിറുത്തി ഫെഡറൽ ബാങ്കിന് രാജ്യാന്തര അംഗീകാരം ലഭിച്ചു.

പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്ക് ലോക ബാങ്ക് ഗ്രൂപ്പിന്റെ ഇന്റർനാഷനൽ ഫിനാൻസ് കോർപറേഷൻ (ഐഎഫ് സി) നൽകുന്ന പുരസ്കാരമാണ് ഫെഡറൽ ബാങ്കിന് ലഭിച്ചത്.

സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ മേഖലകളിൽ നൽകിയ വായ്പാതുക, ഹരിതഗൃഹ വാതകങ്ങളുടെ ലഘൂകരണം എന്നീ വിഭാഗങ്ങളിലാണ് ഫെഡറൽ ബാങ്ക് ആഗോളതലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ചതെന്ന് ബാങ്കിന്റെ സീനിയർ വൈസ് പ്രസിഡന്റും ചീഫ് റിസ്ക് ഓഫീസറുമായ ദാമോദരൻ സി അഭിപ്രായപ്പെട്ടു.

ഇതുകൂടാതെ, പാരിസ്ഥിതിക മേഖലയിലെ ലക്ഷ്യങ്ങൾ കൈവരിച്ചതുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള നാല് വിഭാഗങ്ങളിലെ പ്രകടനത്തിന് സൗത്ത് ഏഷ്യൻ മേഖലയിലെ മികച്ച ബാങ്കാവാനും ഫെഡറൽ ബാങ്കിന് സാധിച്ചു.

പാരിസ്ഥിതിക സുസ്ഥിര പ്രവർത്തനങ്ങളിൽ ഫെഡറൽ ബാങ്കിന്റെ അർപ്പണ ബോധത്തെയും ലക്ഷ്യങ്ങളെയും ആഗോളതലത്തിൽ അംഗീകരിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും ദാമോദരൻ സി അഭിപ്രായപ്പെട്ടു.




## ചാർജ് പോയിന്റ് ഓപ്പറേറ്റർമാരുമായി കൈകോർത്ത് ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് ഇവി ഉപഭോക്താക്കൾക്കായി ഇന്ത്യയുടെ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ കൂടുതൽ വികസിപ്പിക്കുന്നതിന് പ്രമുഖ ചാർജ് പോയിന്റ് ഓപ്പറേറ്റർമാരുമായി ധാരണപത്രത്തിൽ ഒപ്പുവെച്ചു. അടുത്ത സാമ്പത്തിക വർഷത്തിൽ പതിനായിരത്തിലധികം ചാർജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുന്നതിനാണ് ചാർജ്സോൺ, ഗ്ലൈഡ, സ്റ്റാറ്റിക്, സിയോൺ എന്നീ കമ്പനികളുമായി ധാരണപത്രം ഒപ്പുവെച്ചിരിക്കുന്നത്. നിർണ്ണായകമായ ചാർജിംഗ് ഇക്കോസിസ്റ്റത്തിലെ ഓരോ ഓപ്പറേറ്ററുടെയും നിലവിലുള്ള സുപ്രധാന സാന്നിധ്യവും ഇന്ത്യൻ റോഡുകളിലെ 1.15 ലക്ഷത്തിലധികം ടാറ്റ ഇവികളുടെ അടിസ്ഥാനത്തിലുള്ള ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡിന്റെ (ടിപിഇഎം) അതുല്യമായ ടെലിമാറ്റിക്സ് സ്ഥിതിവിവരക്കണക്കുകളും അടിസ്ഥാനമാക്കിയുള്ളതാണ ധാരണാപത്രം, ടാറ്റ മോട്ടോഴ്സിന്റെ ഇലക്ട്രിക് വാഹന ഉപഭോക്താക്കൾ കൂടുതൽ വരുന്ന സ്ഥലങ്ങളിൽ ചാർജറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് നാല് ചാർജ് പോയിന്റ് ഓപ്പറേറ്റർമാരുമായി സജീവമായി സഹായിക്കും.ചാർജ്സോൺ, ഗ്ലൈഡ (മുമ്പ് ഫോർട്ടം ചാർജ് & ഡ്രൈവ് ഇന്ത്യ എന്നറിയപ്പെട്ടിരുന്നു), സ്റ്റാറ്റിക്, സിയോൺ എന്നിവ രാജ്യത്തെ മുൻനിര ചാർജ് പോയിന്റ് ഓപ്പറേറ്റർമാരാണ്. പ്രധാന നഗരങ്ങളിൽ ഉടനീളം ഏകദേശം 2,000 ചാർജിംഗ് പോയിന്റുകളുടെ സംയോജിത ശൃംഖലയാണ് ഈ സിപിഒകൾക്കുള്ളത്.

# പട്ടിക വർഗ്ഗ ഊരുകളിലെ സ്ത്രീകൾക്കായി കവർ ആൻഡ് കെയർ പദ്ധതി

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ, കേരള സർക്കാർ ആയുഷ് ഹോമിയോപ്പതി വകുപ്പ് ജില്ലയിലെ പട്ടിക വർഗ്ഗ ഊരുകളിലെ സ്ത്രീകൾക്കായി ആരംഭിക്കുന്ന കവർ ആൻഡ് കെയർ പദ്ധതിക്ക്ശനിയാഴ്ച (16ന്)തുടക്കമാകും. ജില്ലയിലെ സർക്കാർ ഹോമിയോപ്പതി സ്ഥാപനങ്ങൾക്കാവശ്യമായ പേപ്പർ കവർ (ക്യാരി ബാഗ് നിർമ്മിച്ച് നൽകുന്നതിലേക്കുള്ള പരിശീലനം ഊരിലെ സ്ത്രീകൾക്ക് നൽകുന്നത് വഴി ഊരിലെ കുടുംബങ്ങളുടെ സമഗ്രമായ സാമ്പത്തിക ഉന്നമനവും ആരോഗ്യ സംരക്ഷണവുമാണ് ലക്ഷ്യമിടുന്നത്.

എളുപ്പത്തിൽ നിർവ്വഹിക്കാവുന്ന ഈ തൊഴിൽ പഠിപ്പിക്കുന്നത് വഴി സാമ്പത്തിക സാതന്ത്ര്യത്തിന്റെ മാർഗം കാണിച്ചുകൊടുക്കുകയും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഊരുകളിലെ സ്ത്രീകളെ കൊണ്ടുവരിക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു. തിരഞ്ഞെടുക്കപ്പെട്ട ഊരുകളിൽ കവർ നിർമ്മിക്കുന്നതിനാവശ്യമായ മെഷിനുകൾ, അസംസ്കൃത വസ്തുക്കൾ, ട്രെയിനിംഗ് എന്നിവ സൗജന്യമായി നല്കുകയും അവ മാസംതോറും ശേഖരിക്കുന്ന ദിവസം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ സംരക്ഷണം കൂടി ഉറപ്പുവരുത്തുക എന്നതാണ് പ്രവർത്തനരീതിയെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു.

പദ്ധതിക്ക് വേണ്ടി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട അഞ്ചുകുടി ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടന പ്രഖ്യാപനവും, മെഡിക്കൽ ക്യാമ്പും ശനിയാഴ്ച (16ന്) രാവിലെ 9 മണിക്ക് നടക്കും. ജില്ലാ പഞ്ചായത്ത പ്രസിഡന്റ് ഉല്ലാസ് തോമസ് നിർവ്വഹിക്കും. കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യൻ അദ്ധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹിം മുഖ്യാതിഥി ആയിരിക്കും. ആരോഗ്യ കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ എം.ജെ ജോമി മുഖ്യ പ്രഭാഷണം നടത്തും. : ഡോ. മേഴ്സി ഗോൺസാൽവസ് (ജില്ലാ മെഡിക്കൽ ഓഫീസർ(ഹോമിയോ), പദ്ധതി വിശദീകരണം നടത്തും. ജില്ലാ പഞ്ചായത്ത് അംഗം കെ.കെ.ദാനി സ്വാഗതം പറയും.

വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ റാണിക്കുട്ടി ജോർജ്ജ്, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ. കെ. ഗോപി, ബ്ലോക്ക് ഡിവിഷൻ മെംബർ), കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിൻസി മോഹനൻ, സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻമാരായ സിബി.കെഎം, മിനി മനോഹരൻ, ഇസി റോയ്, ബിജു,സൽമ പരിത്, ജില്ലാ പഞ്ചായത്ത സെക്രട്ടറി വൈ. വിജയകുമാർ, ഡോ. ലീന മാണി (ജില്ലാ മെഡിക്കൽ ഓഫിസർ ഹോമിയോ, തൃശ്ശൂർ), രാജീവ് പി (ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ഇടമലയാർ), ഡോ. ജൂബി കുര്യാക്കോസ് (മെഡിക്കൽ ഓഫീസർ, ജിഎച്ച്.ഡി കുട്ടമ്പുഴ), ഡോ. നസീബ എ (മെഡിക്കൽ ഓഫീസർ, ഐപിഎച്ച്ഡി, കുട്ടമ്പുഴ), മൈക്കിൾ മൈക്കിൾ ( ഊരുമൂപ്പൻ, അഞ്ചുകുടി), രാഘവൻ കെ. വി. (ഊരുമൂപ്പൻ എളംബ്ലാശ്ശേരി, രാജപ്പൻ മാത്തി (കാണി, എളംബ്ലാശ്ശേരി)ഡോ. പ്രദീപ് കെ. ആർ (നോഡൽ ഒഫീസർ കവർ ആൻഡ് കെയർ പദ്ധതി) എന്നിവർ സംസാരിക്കും.

# കേരള മീഡിയ അക്കാദമി വാർത്താവതരണ മത്സരം

**കൊച്ചി:** കേരള മീഡിയ അക്കാദമി കോളേജ്/ ഹയർസെക്കന്ററി തലം കേന്ദ്രീകരിച്ച് പലസ്തീൻ വിഷയത്തിൽ സംഘടിപ്പിക്കുന്ന വാർത്താവതരണ മത്സരത്തിന് അപേക്ഷിക്കാനുള്ള തീയതി 2024 ജനുവരി 10 വരെ നീട്ടി. കേരള മീഡിയ അക്കാദമിയുടെ മീഡിയ ക്ലബ്ബിന്റെ ആഭിമുഖ്യത്തിലാണ് മത്സരം സംഘടിപ്പിക്കുന്നത്. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 10,000 രൂപ, 7000 രൂപ, 5000 രൂപ വീതം ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും സമ്മാനമായി നൽകും. മത്സരാർത്ഥികൾ അഞ്ച് മിനിറ്റിൽ കുറയാത്ത വാർത്താ ബുള്ളറ്റിൻ തയ്യാറാക്കി അവതരിപ്പിച്ച് അയക്കണം. വായിച്ച വാർത്തകൾ ഇമെയിൽ മുഖേന അയക്കാവുന്ന രീതിയിൽഎംപി4 ഫോർമാറ്റിൽ ആയിരിക്കണം അയക്കേണ്ടത്. പത്രവാർത്തകൾ അതേപടി അനുകരിച്ച് അവതരിപ്പിക്കരുത്. മത്സരാർത്ഥികളുടെ വാർത്തകൾ തയ്യാറാക്കുന്നതിലുള്ള അഭിരുചിയും സർഗ്ഗശേഷിയും അവതരണ മികവുമാണ് പരിഗണിക്കുക. മത്സരത്തിനായി മുതിർന്നവരുടെ സഹായം സ്വീകരിക്കരുത്. (സാങ്കേതിക സൗകര്യം ഒരുക്കൽ ഒഴികെ) താത്പര്യമുള്ളവർ 2024 ജനുവരി 10ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് വാർത്താ ബുള്ളറ്റിൻ തങ്ങളുടെ പേരും മേൽവിലാസവും ഫോൺനമ്പറും സഹിതം mediaclub.gov@gmail.com എന്ന ഇമെയിൽ ഐഡിയിലേക്കോ 9633214169 എന്ന വാട്സാപ്പ് നമ്പറിലേക്കോ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 99633214169, 04712726275, 04842422275.

# ടീച്ചർ ട്രെയിനിംഗ് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോൺ മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ് (1 വർഷം) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകൾ സഹിതം അടുത്തുള്ള കെൽട്രോൺ നോളജ് സെന്ററിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9072592412, 9072592416.

# ക്രിസ്മസിന് ഒരുങ്ങി; വിപണി ഉണർന്നു



**മൂവാറ്റുപുഴ:** ക്രിസ്മസിനെയും പുതുവത്സരത്തേയും വരവേൽക്കാൻ മൂവാറ്റുപുഴ നഗരം ഒരുങ്ങി. വീടുകളിലും സ്ഥാപനങ്ങളിലും നക്ഷത്രങ്ങളും ക്രിസ്മസ് ട്രീകളും സ്ഥാനം പിടിച്ചു. ചുവപ്പ് നിറങ്ങളും, വർണ്ണ വിളക്കുകളും ത്രിവേണി സംഗമ ഭൂമിയെ കൂടുതൽ ഭംഗി പകരുന്നു.

ക്രിസ്മസ് പാപ്പായും നക്ഷത്രങ്ങളും പുൽക്കൂടുമൊക്കെയായി മൂവാറ്റുപുഴയിലെ വ്യാപാര സ്ഥാപനങ്ങളിൽ ക്രിസ്മസ് വിപണി സജീവമായി. പുതുമയാർന്ന നക്ഷത്രങ്ങളും, പുൽക്കൂടുമാണ് ക്രിസ്മസ് വിപണിയിലെ താരം.

പുൽക്കൂടും, അലങ്കാര ഉപകരണങ്ങളും, ക്രിസ്മസ് പാപ്പാ വേഷങ്ങളും, പേപ്പറിൽ നിർമിച്ച നക്ഷത്രങ്ങളും, എൽഇഡി ലൈറ്റുകൾകൊണ്ടുള്ള നക്ഷത്രങ്ങളും, ക്രിസ്മസ് ട്രീയും വ്യാപാര സ്ഥാപനങ്ങളുടെ മുൻനിരയിൽ സ്ഥാനം പിടിച്ചു.

കഴിഞ്ഞ വർഷത്തേക്കാൾ ആഘോഷ വസ്തുക്കൾക്ക് വലിയ വില വിത്യാസമില്ലെന്നാണ് വ്യാപാരികൾ പറുന്നത്. 10 രൂപ മുതൽ ആരംഭിക്കുന്ന പേപ്പർ നക്ഷത്രങ്ങൾക്ക് 360 രൂപ വരെ വിലയുണ്ട്.

എൽഇഡി ലൈറ്റുള്ള നക്ഷത്രങ്ങൾക്ക് 120 രൂപ മുതൽ 800 രൂപ വരെയാണ് വിപണി വില. വ്യത്യസ്തങ്ങളായ പുൽക്കൂടുകൾക്കാകട്ടെ 200 മുതൽ 800 രൂപ വരെ വിലയുണ്ട്. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് മൂവാറ്റുപുഴയിലെ ക്രിസ്മസ് വിപണിയിലെ മിന്നും താരമായി നിൽക്കുന്നത് മടക്കി സൂക്ഷിക്കാൻ കഴിയുന്ന കുഞ്ഞൻ പുൽക്കൂടുകളാണ്.

സുഗമമായി കൊണ്ടുനടക്കുന്നതിനും, പുറം നാടുകളിലേയ്ക്ക് എത്തിക്കുന്നതിനും ഏറെ പ്രയോജനപ്രദമായ ഇത്തരം പുൽക്കൂടുകൾക്ക് 350 രൂപ മുതലാണ് വില. ക്രിസ്മസ് ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടുന്ന പാപ്പാ വേഷങ്ങളും വ്യാപാര സ്ഥാപനങ്ങളിൽ നിറഞ്ഞുകഴിഞ്ഞു. തൊപ്പിയും, മുഖം മൂടിയും കൂടാതെയുള്ള വേഷങ്ങൾക്ക് 1500 രൂപ വരെയാണ് വില.ക്രിസ്മസ് പാപ്പായുടെ മുഖംമൂടികൾക്ക് 100 മുതൽ 500 രൂപ വരെയാണ് വില. കച്ചവടം ഊർജിതമായെങ്കിലും വരും ദിവസങ്ങളിൽ കൂടുതൽ തകൃതിയാകുമെന്ന പ്രതീക്ഷയിലാണ് വ്യാപാരികൾ. മൂവാറ്റുപുഴയിലെ വ്യാപാര മേഖല ക്രിസ്മസ് പുതുവത്സരാഘോഷങ്ങളെ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നത്. നഗരത്തിലേർപ്പെടുത്തിയ ഗതാഗത നിയന്ത്രണത്തിൻറെ ഭാഗമായുണ്ടായ രൂക്ഷമായ ഗതാഗതക്കുരുക്ക് വ്യാപാര മേഖലയെ ഒന്നടങ്കം സാരമായി ബാധിച്ചിരുന്നു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663